മി. സ്പീക്കർ: ഓർഡർ......ഓർഡർ...... ചോദ്യം നമ്പർ (*421)

**ശബരി റെയിൽപാത യാഥാർത്ഥ്യമാക്കാൻ നടപടി**

1 (*421) ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലേയ്ക്കുള്ള നിർദിഷ്ട റെയിൽവേ പദ്ധതി യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കാൻ പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കുമോ; പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, (എ) 1997-98 വർഷത്തെ റെയിൽവേ ബജറ്റിലാണ് 110 കിലോമീറ്റർ ദൈർഘ്യമുള്ള അങ്കമാലി-എരുമേലി-ശബരി

റെയിൽ പദ്ധതി ആദ്യമായി നിർദ്ദേശിക്കപ്പെടുന്നത്. പി.എം.ഒ.-പ്രോ ആക്റ്റീവ് ഗവേൺസ് ആൻഡ് ടൈംലി ഇംപ്ലിമെന്റേഷൻ (പ്രഗതി) പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പ്രസ്തുത പദ്ധതിയുടെ പുരോഗതി പ്രധാനമന്ത്രിയുടെ നേരിട്ടുള്ള നിരീക്ഷണത്തിൽ വരുന്നതും ചെലവ് പൂർണ്ണമായും റെയിൽവേ വഹിക്കേണ്ടതുമായിരുന്നു. ഈ പദ്ധതിയുടെ ഭാഗമായി അങ്കമാലി മുതൽ കാലടി വരെയുള്ള നിർമ്മാണപ്രവൃത്തികൾ റെയിൽവേ പൂർത്തിയാക്കിയിരുന്നെങ്കിലും കമ്മീഷൻ ചെയ്തിരുന്നില്ല. തുടർന്ന് ഈ പദ്ധതി ലാഭകരമല്ലെന്ന് കണ്ടതിനാൽ തുടർനടപടികൾ റെയിൽവേ നിർത്തിവച്ചിരുന്നു. പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനായി കേരളം നിരന്തരം സമ്മർദ്ദം ചെലുത്തുകയും പദ്ധതിയുടെ 50 ശതമാനം തുക സംസ്ഥാന സർക്കാർ വഹിക്കണമെന്ന ആവശ്യം റെയിൽവേ മുന്നോട്ടുവയ്ക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ, പദ്ധതിയുടെ ആവശ്യകത മുൻനിർത്തി, സംസ്ഥാന സർക്കാർ പദ്ധതി ചെലവിന്റെ 50 ശതമാനം വഹിക്കുന്നതിനുള്ള സന്നദ്ധത റെയിൽവേ ബോർഡിനെ അറിയിച്ചിരുന്നെങ്കിലും പദ്ധതി നിർത്തിവയ്ക്കാൻ റെയിൽവേ ബോർഡ് ദക്ഷിണ റെയിൽവേയ്ക്ക് നിർദ്ദേശം നൽകുകയുണ്ടായി.

പിന്നീട്, പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കുന്നതിനും ഡി.പി.ആർ. തയ്യാറാക്കുന്നതിനും റെയിൽവേ ബോർഡ് കെ-റെയിലിനോട് നിർദ്ദേശിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് ലിഡാർ സർവ്വേ പൂർത്തീകരിക്കുകയും എസ്റ്റിമേറ്റ് പുതുക്കി റെയിൽവേയ്ക്ക് സമർപ്പിക്കുകയും ചെയ്തു. നിലവിൽ പദ്ധതി മരവിപ്പിച്ചതിനാൽ മറ്റ് പുരോഗതിയൊന്നുംതന്നെ ഉണ്ടായിട്ടില്ല. അങ്കമാലി-എരുമേലി-ശബരി പദ്ധതി പുനരാരംഭിക്കുന്നതിന് റെയിൽവേയോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചുവരികയാണ്. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റ് തുകയായ 3,811 കോടി രൂപയുടെ 50% ചെലവ് പങ്കിടുന്നതിന് സംസ്ഥാന സർക്കാരിൽനിന്നും സ്ഥിരീകരണം റെയിൽവേ ആവശ്യപ്പെടുകയും ആയത് സർക്കാരിന്റെ പരിഗണനയിലുമാണ്. എസ്റ്റിമേറ്റ് തുകയിൽ 36% വർദ്ധനവാണുണ്ടായിരിക്കുന്നത്. പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്രത്തിന്റെ ഭാഗത്തുനിന്നുണ്ടായ കാലതാമസംമൂലമാണ് എസ്റ്റിമേറ്റ് തുക വർദ്ധിക്കാനിടയായത്. ഇതുകാരണം സംസ്ഥാനത്തിന് അധിക ബാധ്യതയുണ്ടായിരിക്കുന്നു. കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അവകാശപ്പെട്ട വരുമാനംപോലും നിഷേധിക്കുന്ന സാഹചര്യത്തിൽ, കേന്ദ്രത്തിന്റെ

അനാസ്ഥവഴി സംഭവിക്കുന്ന അധിക ബാധ്യതയും സംസ്ഥാനം വഹിക്കണമെന്നാവശ്യപ്പെടുന്നത് അന്യായമാണ്.

പദ്ധതി പുനരുജ്ജീവിപ്പിക്കണമെന്നും കെ.ആർ.ഡി.സി.എൽ. തയ്യാറാക്കിയ പുതുക്കിയ ഡി.പി.ആർ.-നും എസ്റ്റിമേറ്റിനും അംഗീകാരം നൽകണമെന്നും സംസ്ഥാന റെയിൽ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിയോട് കത്തുകളിലൂടെയും കൂടിക്കാഴ്ചകളിലൂടെയും പലതവണ ആവശ്യപ്പെടുകയുണ്ടായി. കൂടാതെ പാർലമെന്റ് സമ്മേളനങ്ങൾക്ക് മുന്നോടിയായി നടത്തിവരാറുള്ള എം.പി.-മാരുടെ സമ്മേനങ്ങളിലും ശബരി അങ്കമാലി റെയിൽവേ പദ്ധതി മുഖ്യഅജണ്ടയായി ഉൾപ്പെടുത്തി എം.പി.-മാർവഴി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിവരുന്നുണ്ട്.

(ബി) അങ്കമാലി-എരുമേലി-ശബരി റെയിൽ പദ്ധതി പൂർണ്ണമായും ഒരു റെയിൽവേ പദ്ധതിയാണ്. എസ്റ്റിമേറ്റ് പുതുക്കാനും വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കാനും മാത്രമാണ് നിലവിൽ റെയിൽവേ ബോർഡ് കെ.ആർ.ഡി.സി.എൽ.-നെ ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതുപ്രകാരം പുതുക്കിയ എസ്റ്റിമേറ്റും ഡി.പി.ആർ.-ഉം ദക്ഷിണ റെയിൽവേയ്ക്ക്

സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി നിലവിൽ റെയിൽവേ മരവിപ്പിച്ചിരിക്കുകയാണ്. അങ്കമാലി-എരുമേലി-ശബരി പദ്ധതി പുനരാരംഭിക്കുന്നതിന് റെയിൽവേയോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചുവരികയാണ്. പുതുക്കിയ എസ്റ്റിമേറ്റ് തുകയനുസരിച്ച് പദ്ധതിയുടെ 50% ചെലവ് പങ്കിടുന്നതിന് സംസ്ഥാന സർക്കാരിൽനിന്നും സ്ഥിരീകരണം റെയിൽവേ ആവശ്യപ്പെടുകയും ആയത് സർക്കാരിന്റെ പരിഗണനയിലുമാണ്. റെയിൽവേ ബോർഡ് പദ്ധതി പുനരുജ്ജീവിപ്പിച്ചാൽ മാത്രമേ പദ്ധതിയുടെ തുടർനടപടികൾ കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് കഴിഞ്ഞ നാളുകളിലുണ്ടായ നേട്ടങ്ങളെ സംബന്ധിച്ച് നമുക്ക് ഓർമ്മവേണം. 1977-ലെ മൊറാർജി ദേശായി ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ് അന്ന് റെയിൽവേ വകുപ്പുമന്ത്രിയായിരുന്ന മധു ദണ്ഡവതെ നമുക്ക് തീരദേശ റെയിൽവേ അനുവദിച്ചത്. 1989-ലെ വി. പി. സിംഗ് ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ് കൊങ്കൺ റെയിൽവേ അനുവദിച്ചത്. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട ഒരു കാര്യമാണ്

ശബരി റെയിൽപാത. ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ നാളുകളിലുണ്ടായ അനുകൂലമായ നിലപാടുകൾക്ക് വിരുദ്ധമായി, റെയിൽവേ വികസനത്തിന് പ്രതികൂലമായ നിലപാടാണ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നതെന്നാണ് ഇവിടെ സൂചിപ്പിച്ചത്. കേന്ദ്ര ഗവൺമെന്റ് ഈ നിലപാടിൽനിന്ന് പിന്മാറുന്നതിനും കാലാനുസൃതമായ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനും നാം എന്തെല്ലാം ഇടപെടലുകൾ നടത്തുന്നുണ്ട്; ഇക്കാര്യത്തിൽ നമ്മുടെ സംസ്ഥാനത്തെ എം.പി.-മാരുടെ പിന്തുണ ലഭ്യമായിട്ടുണ്ടോ?

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, നിലമ്പൂർ-നഞ്ചൻകോട് പാതയടക്കമുള്ള നിരവധി ആവശ്യങ്ങൾ റെയിൽവേയോട് നാം അഭ്യർത്ഥിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ അങ്ങ് സൂചിപ്പിച്ചതുപോലെതന്നെ, ശബരി റെയിൽപാതയുമായി ബന്ധപ്പെട്ട കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും യാതൊരു തരത്തിലുള്ള ലാഘവവുമുണ്ടായിട്ടില്ല. ഏറ്റവും നല്ല രീതിയിൽത്തന്നെ അത് നടപ്പിലാക്കാനുള്ള ശ്രമമാണ് നടത്തുന്നത്. ലക്ഷക്കണക്കിന് തീർത്ഥാടകർ ഉപയോഗിക്കുന്നൊരു പാതയാണ്

ശബരിമലയിലേയ്ക്കുള്ളത്. തൊടുപുഴയടക്കമുള്ള പ്രധാന പട്ടണങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഇടുക്കിയെ റെയിൽവേയുടെ ഭാഗമാക്കുന്നതിനുംകൂടിയുള്ള ഒരു പദ്ധതിയാണിത്. ഇതിനായി കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുള്ള തടസമാണ് നിലവിലുള്ളത്. അങ്കമാലി-ശബരിപാതയിൽ വർഷങ്ങളായി സാധാരണക്കാരായ നിരവധി കർഷകരുടെ ഭൂമി ഫ്രീസ് ചെയ്തിരിക്കുകയാണ്. അതുകൊണ്ടുതന്നെ ധാരാളമാളുകൾ അവിടെ ബുദ്ധിമുട്ടിലാണ്. ഏതുവിധേനയും പദ്ധതി നടപ്പിലാക്കുക എന്നുള്ളതുതന്നെയാണ് സംസ്ഥാന സർക്കാരിന്റെ ആഗ്രഹം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിരവധി തവണ പ്രധാനമന്ത്രിയുമായും കേന്ദ്ര ഗവൺമെന്റുമായും ഇക്കാര്യങ്ങളെല്ലാം ചർച്ച ചെയ്തതാണ്. ഇതുമായി ബന്ധപ്പെട്ട് റെയിൽവേ വകുപ്പുമന്ത്രിയെന്ന നിലയിൽ ഞാൻ നാലോ അഞ്ചോ തവണ കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിയടക്കമുള്ളവരുമായി ചർച്ച ചെയ്തിട്ടുണ്ട്. പക്ഷേ ഇതുവരെ അനുകൂലമായൊരു നിലപാടുണ്ടായിട്ടില്ല.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ഈ പദ്ധതി 1997-98 വർഷത്തെ റെയിൽവേ ബജറ്റിൽ പ്രഖ്യാപിക്കുമ്പോൾ പൂർണ്ണമായും ഒരു റെയിൽവേ പദ്ധതിയെന്ന നിലയിലാണ് നിർദേശിക്കപ്പെട്ടത്. പക്ഷെ ഇന്നിപ്പോൾ അതിന്

മാറ്റമുണ്ടായിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയനുസരിച്ച്, പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 3,811 കോടി രൂപയിൽ 50 ശതമാനം സംസ്ഥാന സർക്കാർ പങ്കിടണമെന്ന നിർദേശം വന്നിരിക്കുകയാണ്. പക്ഷെ സാമ്പത്തികമായി ലാഭകരമല്ലെന്ന കാരണത്താൽ നിലവിൽ ഈ പദ്ധതി പൂർണ്ണമായും മരവിപ്പിച്ചിരിക്കുകയാണ്. ഈ അവസ്ഥയിൽനിന്ന് മോചനം ലഭ്യമായാൽ മാത്രമെ പദ്ധതി മുന്നോട്ടുപോകുകയുള്ളൂ. അതിനുവേണ്ടി നടത്തുന്ന സമ്മർദ്ദ പരിശ്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, അന്ന് ഈ പദ്ധതി നിലവിൽ വരുന്നതിലുള്ള കാലതാമസംകൊണ്ടാണ് എസ്റ്റിമേറ്റ് തുക 3,811 കോടി രൂപയായി വർദ്ധിച്ചത്. പദ്ധതി ചെലവ് ഏകദേശം 36 ശതമാനത്തിലധികം വർദ്ധിച്ചിരിക്കുകയാണ്. സംസ്ഥാനത്തിന് സാമ്പത്തിക പരാധീനതകളുണ്ടെങ്കിലും റെയിൽവേ ഈ പദ്ധതി നടപ്പാക്കുന്നതിന് അധിക വായ്പ അനുവദിക്കുകയാണെങ്കിൽ അത് പരിഗണിക്കാമെന്നും പരിശോധിക്കാമെന്നുമാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. ഇതുമായി ബന്ധപ്പെട്ട ഫയലുകൾ വകുപ്പിന്റെ പരിഗണനയിലാണ്.

ശ്രീ. തോമസ് കെ. തോമസ്: സർ, ധാരാളം പരിമിതികളുള്ള ഒരു വകുപ്പാണ് റെയിൽവേ വകുപ്പ് എന്ന കാര്യം അറിയാവുന്നതാണ്. എന്റെ നിയോജകമണ്ഡലമായ കുട്ടനാട്ടിലെ തകഴി റെയിൽവേ ക്രോസ് വഴി ഒരു പൈപ്പ് ലൈൻ സ്ഥാപിക്കാൻ നാളുകളായി ശ്രമിക്കുന്നുണ്ടെങ്കിലും റെയിൽവേ അതിനുള്ള അനുമതി നൽകുന്നില്ല. റെയിൽവേ ക്രോസിന്റെ ഗേറ്റ് കേടാകുന്ന സാഹചര്യങ്ങളിൽ അവർ ആ റോഡുതന്നെ ക്ലോസ് ചെയ്യും. ഇതുമൂലം മണിക്കൂറുകളോളം അവിടെ കാത്തുനിൽക്കേണ്ട അവസ്ഥയുണ്ടാകുന്നുണ്ട്. ഈ രീതിയിൽ ആ പ്രദേശത്തുള്ളവർ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുകയാണ്. ഞാനും ഇത്തരത്തിൽ പലപ്രാവശ്യം അവിടെ കാത്തുകിടന്നിട്ടുണ്ട്. അതുകൊണ്ട് അവിടെയൊരു റെയിൽവേ മേൽപ്പാലം പണിയുന്നതിനുള്ള സംവിധാനം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോ? അതോടൊപ്പം, ഏറ്റവും വലിയ തീർത്ഥാടന കേന്ദ്രമായ ശബരിമലയുമായി ബന്ധപ്പെട്ട് കണക്ടിവിറ്റി പ്രശ്നമുണ്ട്. അയൽ സംസ്ഥാനത്തുനിന്നും ധാരാളം തീർത്ഥാടകരാണ് അവിടേയ്ക്ക് വരുന്നത്. അവർക്ക് കണക്ഷൻ കിട്ടാതെപോകുന്ന ധാരാളം ബുദ്ധിമുട്ടുകളുണ്ട്.

അതുകൊണ്ട് തീർത്ഥാടകർക്ക് ശബരിമലയിൽ എത്തിച്ചേരാനുള്ള സംവിധാനമൊരുക്കാൻ ഗവൺമെന്റ് ശ്രമിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കേരളത്തിലെ ഗതാഗത മേഖലയിൽ റെയിൽവേയ്ക്കുള്ള പങ്ക് വളരെ വലുതാണ്. ഏറ്റവും കൂടുതൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു സംസ്ഥാനംകൂടിയാണ് കേരളം. കേരളത്തിന് ആവശ്യമായ എല്ലാ രീതിയിലുള്ള പദ്ധതികൾക്കും റെയിൽവേയ്ക്ക് പൂർണ്ണ പിന്തുണയാണ് നാം നൽകുന്നത്. അങ്ങ് ഇവിടെ റെയിൽവേ മേൽപ്പാലത്തെ സംബന്ധിച്ച് പറഞ്ഞു. സംസ്ഥാനത്ത് ഏകദേശം പതിനാല് പുതിയ റെയിൽവേ മേൽപ്പാലങ്ങൾ സർക്കാർ ചെലവിൽ നിർമ്മിക്കുകയാണ്. അതിൽ ഗുരുവായൂർ റെയിൽവേ മേൽപ്പാലമടക്കമുള്ള പദ്ധതികൾ ഇപ്പോൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ കാര്യങ്ങളിലെല്ലാം റെയിൽവേയുമായി സഹകരിച്ചാണ് സംസ്ഥാനം മുന്നോട്ടുപോകുന്നത്. അങ്ങ് സൂചിപ്പിച്ച കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. പാലക്കാട് കോച്ച് ഫാക്ടറി, റെയിൽവേ സോൺ, നേമം ടെർമിനൽ, കൊല്ലം മെമു ഷെഡ് വികസനം, ഗുരുവായൂർ-തിരുനാവായ ലൈൻ, നിലമ്പൂർ-നഞ്ചൻകോട് പാത

എന്നിവ വർഷങ്ങളായി റെയിൽവേയോട് ആവശ്യപ്പെടുന്ന പദ്ധതികളാണ്. ഇപ്പോൾ നിലമ്പൂർ-നഞ്ചൻകോട് പാതയുമായി ബന്ധപ്പെട്ട സർവ്വേ നടന്നുകൊണ്ടിരിക്കുകയാണ്. അതിനായി കേന്ദ്ര സർക്കാർ 5,000 കോടി രൂപ അനുവദിക്കുകയും അതിന്റെ ലിഡാർ സർവ്വേ റെയിൽവേ നേരിട്ട് പൂർത്തീകരിക്കുകയും ചെയ്തു. ഈ സർവ്വേ പൂർത്തിയായിക്കഴിഞ്ഞാൽ കേരളത്തിന് ടൂറിസം, വ്യവസായ രംഗങ്ങളിൽ ഏറ്റവും ഉപകാരപ്രദമായും മെച്ചപ്പെട്ട രീതിയിലും മുന്നോട്ടുപോകാൻ കഴിയുന്ന പാതയാണ് നിലമ്പൂർ-നഞ്ചൻകോട് പാത. അതിന്റെ സർവ്വേ നടക്കുന്നുവെന്നുള്ളത് നമ്മെ സംബന്ധിച്ച് ഏറെ സന്തോഷമുള്ള കാര്യമാണ്.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, കേരളത്തിന്റെ ദീർഘനാളത്തെ ആവശ്യമായിരുന്ന അങ്കമാലി-എരുമേലി ശബരി റെയിൽപാത യാഥാർത്ഥ്യമാകാൻ ഇനിയും ഏറെ സമയമെടുക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽനിന്നും വ്യക്തമാകുന്നത്. എന്റെ ചോദ്യം, അങ്കമാലി-എരുമേലി ശബരി റെയിൽപാതയ്ക്കുപകരം ചെങ്ങന്നൂർ-പമ്പ ലൈൻ സർക്കാർ

വിഭാവന ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ പാത വിഴിഞ്ഞം വരെ നീട്ടാൻ ആലോചിക്കുന്നുണ്ടോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, നമ്മുടെ സംസ്ഥാനത്ത് പുതിയ റെയിൽവേ ലൈനുകൾ നിർമ്മിക്കുന്നത് എപ്പോഴും സ്വാഗതാർഹമാണ്. ഞാൻ കഴിഞ്ഞ ഉത്തരത്തിൽ പറഞ്ഞതുപോലെ, 1997 മുതൽ അങ്കമാലി-എരുമേലി ശബരി റെയിൽവേ പാത നിർമ്മാണം പെന്റിംഗിലാണ്. ഏകദേശം 16 കിലോമീറ്ററോളം പ്രവൃത്തി പൂർത്തിയാക്കിയെങ്കിലും കമ്മീഷൻ ചെയ്തിട്ടില്ല. ഈ അവസരത്തിൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ചെങ്ങന്നൂർ-പമ്പ ലൈൻ നീട്ടി വിഴിഞ്ഞം വരെയാക്കുന്നത് സ്വാഗതാർഹമാണെങ്കിലും ഇത് എത്രകണ്ട് യാഥാർത്ഥ്യമാകുമെന്ന കാര്യത്തിൽ ഉറപ്പുപറയാൻ കഴിയില്ല, കാരണം ഇത് കേന്ദ്ര ഗവൺമെന്റ് പദ്ധതിയാണ്. അത്തരത്തിലൊരു പാത വരികയാണെങ്കിൽ കേരളം തീർച്ചയായും അത് സ്വാഗതം ചെയ്ത് ആവശ്യമായ എല്ലാ സഹായങ്ങളും നൽകുന്നതാണ്.

ശ്രീ. കെ. പി. മോഹനൻ: സർ, റെയിൽവേ കേരളത്തോട് കാണിക്കുന്ന അവഗണനയ്ക്കെതിരെ ശക്തമായി ഇടപെട്ടുകൊണ്ട് യാത്രക്കാർക്ക് കൂടുതൽ

സൗകര്യങ്ങൾ ലഭിക്കാനുള്ള നടപടികളുണ്ടാകണം. മലബാർ മേഖലയിലെ ട്രെയിൻ യാത്രാദുരിതം അവസാനിപ്പിക്കുന്നതിന് റെയിൽവേ ഉദ്യോഗസ്ഥരുടെ യോഗം ബഹുമാനപ്പെട്ട മന്ത്രി വിളിച്ചിരുന്നോ; എങ്കിൽ എന്തൊക്കെ തീരുമാനങ്ങളെടുത്തുവെന്നും അതിൽ കോവിഡ് കാലത്ത് നിർത്തലാക്കിയ മുതിർന്ന പൗരന്മാരുടെ യാത്രാ ഇളവ് പുനഃസ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടിയുണ്ടായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കോവിഡിനുശേഷം സീനിയർ സിറ്റിസൺസിനടക്കമുള്ള ആനുകൂല്യങ്ങൾ സംസ്ഥാനത്ത് മാത്രമല്ല ഇന്ത്യയിൽതന്നെ റെയിൽവേ നിർത്തലാക്കിയിരുന്നു. ഇത്തരം ആനുകൂല്യങ്ങൾ റെയിൽവേയ്ക്ക് വലിയ തോതിൽ നഷ്ടമുണ്ടാക്കുന്നുവെന്നാണ് അതിന് കാരണമായി കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിതന്നെ സൂചിപ്പിച്ചത്. ഇന്ത്യ എന്നത് ഒരു സമ്പന്ന രാഷ്ട്രമല്ല. എന്നാൽ ക്ഷേമപ്രവർത്തനങ്ങൾ ഏറ്റവും കൂടുതൽ നടക്കുന്ന ഒരു രാജ്യമാണിത്, പ്രത്യേകിച്ച് കേരളംപോലുള്ള സംസ്ഥാനങ്ങൾ. സീനിയർ സിറ്റിസൺസിന് കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യം നിർത്തിവച്ച വിഷയത്തിൽ നാം കേന്ദ്ര റെയിൽവേ മന്ത്രാലയത്തോട് നിരന്തരം

ആവശ്യപ്പെട്ടെങ്കിലും അത് തുടരാൻ നിർവ്വാഹമില്ലെന്നാണ് മറുപടി ലഭിച്ചത്. സംസ്ഥാനത്ത് മലബാർ ഭാഗത്തേയ്ക്കുള്ള യാത്രാദുരിതം പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസം തിരുവനന്തപുരത്തുവച്ച് റെയിൽവേ അധികൃതരുമായി ചർച്ച നടത്തുകയും നിരവധി കാര്യങ്ങളിൽ അനുകൂലമായ നിലപാട് കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായാണ് പരശുറാം എക്സ്പ്രസ്സിന് അധികമായി രണ്ട് കോച്ചുകൾ ഏർപ്പെടുത്തിയത്. അതോടൊപ്പംതന്നെ കൂടുതൽ മെമു സർവ്വീസുകൾ അനുവദിക്കണമെന്നുള്ള ആവശ്യം പരിശോധിക്കാമെന്നും ആഘോഷ, അവധി വേളകളിൽ തിരക്കുള്ള റൂട്ടുകളിൽ പുതിയ സ്പെഷ്യൽ ട്രെയിനുകൾ അനുവദിക്കുന്ന കാര്യത്തിൽ അനുകൂലമായ തീരുമാനവുമെടുത്തിട്ടുണ്ട്. ഓണം പോലുള്ള അവധി സമയങ്ങളിൽ ആവശ്യമായ സ്പെഷ്യൽ ട്രെയിനുകൾക്കുള്ള കലണ്ടർ കേരളം തയ്യാറാക്കി റെയിൽവേയ്ക്ക് നൽകണം. ബാംഗ്ലൂർ അടക്കമുള്ള സ്ഥലങ്ങളിലേയ്ക്ക് ബസ് യാത്രയ്ക്കുപോലും 5000-ലധികം രൂപയാണ് ഈയൊരു സീസണിൽ വരുന്നത്. ബാംഗ്ലൂർ, പൂനെ, ബോംബെ അടക്കമുള്ള എല്ലാ പ്രദേശങ്ങളിലും മലയാളികൾക്ക് ഓണക്കാലത്തും മറ്റ് അവധി സമയങ്ങളിലും

സഞ്ചരിക്കുന്നതിനായി മുൻകൂട്ടിതന്നെ കലണ്ടറുകൾ തയ്യാറാക്കി ഈ മാസംതന്നെ നൽകും. അതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ സ്പെഷ്യൽ ട്രെയിനുകൾ അനുവദിക്കാൻ റെയിൽവേ തയ്യാറായിട്ടുണ്ട്. കേരളത്തിലെ രണ്ടാമത്തെ വന്ദേഭാരത് എക്സ്പ്രസ് 16 കോച്ചുകളാക്കി വർദ്ധിപ്പിക്കാൻ റെയിൽവേ തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. വന്ദേഭാരതിന് വഴിയൊരുക്കാൻ മറ്റ് ട്രെയിനുകൾ മണിക്കൂറുകളോളം പിടിച്ചിടുന്നത് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കാമെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്. ജനറൽ കമ്പാർട്ടുമെന്റുകൾ കുറവായ ട്രെയിനുകളിൽ യാത്രക്കാർ സ്ലീപ്പർ കോച്ചുകളിൽ കയറുന്ന സാഹചര്യം ഒഴിവാക്കാൻ കൂടുതൽ ജനറൽ കമ്പാർട്ടുമെന്റുകൾ അടിയന്തരമായിതന്നെ അനുവദിക്കാമെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് നിരന്തരമായി ആവശ്യപ്പെട്ടതുപ്രകാരം കണ്ണൂരിലേയ്ക്ക് അനുവദിച്ച പുതിയ പാസഞ്ചർ ട്രെയിൻ കാസർഗോഡ് വരെ നീട്ടാൻ ഈ യോഗത്തിൽ ആവശ്യപ്പെട്ടപ്പോൾ അത് പരിശോധിച്ച് അടിയന്തരമായി നടപടി സ്വീകരിക്കാമെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്. കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിൽ റെയിൽവേ

പാസഞ്ചേഴ്സ് അസോസിയേഷനുകളുടെ ഓരോ യോഗം അദാലത്തുപോലെ ചേർന്ന് അവർ തരുന്ന പരാതികൾ പരിഹരിച്ച് നടപടികൾ സ്വീകരിക്കാനുള്ള ഒരു വേദിയൊരുക്കാമെന്നും റെയിൽവേ സമ്മതിച്ചിട്ടുണ്ട്. അടുത്ത മാസംതന്നെ അത്തരത്തിലൊരു യോഗം നടത്താൻ സംസ്ഥാന ഗവൺമെന്റ് ഒരുങ്ങുകയാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, 2022-23 സംസ്ഥാന ബജറ്റിൽ കാഞ്ഞങ്ങാട്-കാണിയൂർ പാതയുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കൽ ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് പ്രത്യേകമായി 20 കോടി രൂപ മാറ്റിവച്ചിരുന്നു. കർണ്ണാടകയുമായി സഹകരിച്ചാണ് ഈ പാത വരേണ്ടത്. അതിന്റെ ഭാഗമായി ഈ വിഷയത്തിൽ കർണ്ണാടക ഗവൺമെന്റുമായി ബന്ധപ്പെട്ടിട്ടുണ്ടോ; അവർ ഇതിനനുകൂലമായ നിലപാട് സ്വീകരിച്ചിട്ടുണ്ടോ; തുടർനടപടി സ്വീകരിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കർണ്ണാടകയുമായി ബന്ധപ്പെട്ട് വരുന്ന നിലമ്പൂർ-നഞ്ചൻകോട് പാത, കാഞ്ഞങ്ങാട് പാത, മൈസൂർ പാത എന്നിവയുമായി ബന്ധപ്പെട്ടുള്ള വിഷയം ഓരോ യോഗങ്ങളിലും നിരന്തരമായി ആവശ്യപ്പെടുകയാണ്. ബഹുമാനപ്പെട്ട രാഹുൽ ഗാന്ധിയുമായി ഈ കാര്യം

സംസാരിച്ചപ്പോൾ കേന്ദ്ര സർക്കാരുമായി ഈ വിഷയം സംസാരിക്കാമെന്ന് ഉറപ്പുനൽകിക്കൊണ്ടുള്ള കത്ത് ലഭിച്ചിരുന്നു. അതോടൊപ്പംതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കർണ്ണാടക ഗവൺമെന്റുമായി രണ്ടുതവണ ചർച്ച നടത്തിയെങ്കിലും ഇതുമായി ബന്ധപ്പെട്ട് അവർ അനുകൂലമായ നിലപാടെടുത്തിട്ടില്ല. വനമേഖലയിലൂടെയും ജനനിബിഡമായ ഒരു മേഖലയിൽക്കൂടിയും കടന്നുപോകുമ്പോൾ അതിൽ ബുദ്ധിമുട്ടുകളുണ്ടെന്നാണ് കർണ്ണാടക ഗവൺമെന്റ് അറിയിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാഞ്ഞങ്ങാട്-കാണിയൂർ പാതപോലെതന്നെ പ്രാധാന്യമുള്ള നിലമ്പൂർ-നഞ്ചൻകോട് പാത തുരങ്കപാതയായി നിർമ്മിക്കണമെന്ന് പുതിയൊരു പ്രൊപ്പോസൽ വന്നിട്ടുണ്ട്. അതിന്റെ ചെലവ് ഏകദേശം 20,000 കോടി രൂപയാണ്. ലാഭകരമാണോ അല്ലയോ എന്ന് നോക്കാതെ രാജ്യത്തിന്റെ ഒരു ആവശ്യമായി ഇത്തരത്തിലൊരു തുരങ്കപാത കാട് മുറിച്ചുകടക്കുന്ന ഭാഗങ്ങളിൽ നടപ്പിലാക്കിയാൽ വന്യമൃഗങ്ങൾക്കോ പരിസ്ഥിതിക്കോ കോട്ടംതട്ടാത്ത വിധത്തിൽ ഈ പാത നിർമ്മിക്കാവുന്നതാണ്. കർണ്ണാടക ഗവൺമെന്റിന്റെ

ഭാഗത്തുനിന്നും അനുകൂലമായ നിലപാടുണ്ടെങ്കിൽ നമുക്ക് വളരെ വേഗത്തിൽതന്നെ ഈ പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കുന്നതാണ്.

**പക്ഷിപ്പനി പടരാതിരിക്കാൻ നടപടി**

2 (*422) ശ്രീ. വി. ജോയി:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് താറാവുകളിലും കോഴികളിലും മാത്രം ബാധിച്ചിരുന്ന പക്ഷിപ്പനി മറ്റു പക്ഷികളിലേയ്ക്ക് പടരുന്നതായി സ്ഥിരീകരിച്ചിട്ടുണ്ടോ; ഇത് പ്രതിരോധ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതിനും രോഗവ്യാപനത്തിന്റെ സാധ്യത വർദ്ധിപ്പിക്കുന്നതിനും ഇടയാക്കുമോ; വിശദാംശം നൽകാമോ;

(ബി) രോഗം മനുഷ്യരിലേയ്ക്ക് പകരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്ത് ഇത്തരം കേസ്സുകൾ ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ പഠനത്തിനായി വിദഗ്ധ സംഘത്തെ നിയമിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയ പ്രകാരം കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, (എ) സംസ്ഥാനത്ത് താറാവുകളിലും കോഴികളിലും മാത്രം ബാധിച്ചിരുന്ന പക്ഷിപ്പനി മറ്റു പക്ഷികളിലേയ്ക്ക് പടരുന്നതായി സ്ഥിരീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 2014 മുതൽ പക്ഷിപ്പനി റിപ്പോർട്ട് ചെയ്തുവരുന്നുണ്ട്. ഒക്ടോബർ മുതൽ ഫെബ്രുവരി വരെയുള്ള മാസങ്ങളിലാണ് സാധാരണയായി രോഗബാധ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നത്. എന്നാൽ ഇത്തവണ പതിവിന് വിപരീതമായി ഏപ്രിൽ മാസത്തിലാണ് പക്ഷിപ്പനി റിപ്പോർട്ട് ചെയ്യപ്പെട്ടത്. കേരളത്തിൽ മുമ്പ് താറാവുകളിലും കോഴികളിലും മാത്രമായി സ്ഥിരീകരിച്ചിട്ടുള്ള പക്ഷിപ്പനി, 2024 ജൂൺ മാസത്തിൽ, കാടക്കോഴി, കാക്ക, കൊക്ക് വർഗ്ഗത്തിൽപ്പെട്ട എഗ്രെറ്റ് (egret), കൈറ്റ് (kite), പീഹെൻ (peahen), പ്രാവ്, എന്നീ പക്ഷികളിലും സ്ഥിരീകരിച്ച് ഭോപ്പാലിലെ National Institute of High Security Animal Diseases (NIHSAD)-ൽനിന്ന് റിപ്പോർട്ടുകൾ

ലഭ്യമായിട്ടുണ്ട്. പക്ഷിപ്പനി വേഗത്തിൽ പടരാൻ ഇടയുള്ളതിനാൽ, മറ്റു പക്ഷികളിലേയ്ക്ക് പടരുന്നത് തടയാൻ, ബാധിക്കപ്പെട്ട ജില്ലകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആ പ്രദേശങ്ങളിൽ സമഗ്രമായ നിരീക്ഷണവും പരിശോധനകളും നടത്തിവരുന്നുണ്ട്. പക്ഷിപ്പനി വ്യാപനം തടയുന്നതിനായി കേന്ദ്ര സർക്കാരിന്റെ 2021-ലെ 'ഏവിയൻ ഇൻഫ്ലുവൻസ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള പ്രവർത്തന പദ്ധതി' പ്രകാരമുള്ള നടപടികളാണ് വകുപ്പ് സ്വീകരിച്ചുപോരുന്നത്. അത്തരം നിയന്ത്രണ മാർഗ്ഗങ്ങൾ ഫലപ്രദവുമായിരുന്നു. എന്നാൽ ഇത്തവണ രോഗബാധയ്ക്ക് കാരണമായത് പുതിയ ഇനം വൈറസ് ആണെന്ന് ലബോറട്ടറി റിസൾട്ടുകൾ വ്യക്തമാക്കുന്നു. ഇത്തവണ രോഗം കൂടുതലായി വ്യാപിച്ചതിനാൽ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ ഈ വിഷയം കൂടുതൽ ഗൗരവമായി കണക്കിലെടുത്തുകൊണ്ടുള്ള തുടർപ്രവർത്തനങ്ങൾ നടത്തിവരികയാണ്. സർവൈലൻസ് സോണുകളുടെ അകത്തേയ്ക്കോ/ പുറത്തേയ്ക്കോ പക്ഷികളെ കൊണ്ടുപോകുന്നതും സ്ലോട്ടർ ചെയ്യുന്നതും പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. ജലാശയങ്ങളുടെ ആധിക്യമുള്ള കുട്ടനാട് പ്രദേശത്ത്

രോഗപ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ഫലം കാണാത്തതിനാൽ നിലവിലുള്ള നിയന്ത്രണ മാർഗ്ഗങ്ങൾ കുറച്ചുകൂടി കർശനമാക്കേണ്ടതുണ്ട്. ഈ പ്രദേശത്തെ ഓരോ പക്ഷിയും രോഗാണുവിന്റെ ഉറവിടങ്ങളാണ്. ആയതിനാൽ മറ്റു സ്ഥലങ്ങളിലേയ്ക്ക് രോഗബാധയുണ്ടാകാതിരിക്കാൻ കർശന നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) കഴിഞ്ഞ മാസം പശ്ചിമ ബംഗാളിൽ നാലുവയസ്സുള്ള ഒരു ബാലന് പക്ഷിപ്പനി ബാധിച്ചത് ലോകാരോഗ്യ സംഘടന സ്ഥിരീകരിച്ചതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് മനുഷ്യരിലോ സസ്തനികളിലോ നാളിതുവരെ പക്ഷിപ്പനി സ്ഥിരീകരിച്ചിട്ടില്ല. അമേരിക്കയിൽ മെയ് 2024-ൽ പാസ്ച്വറൈസ്ഡ് മിൽക്കിൽനിന്നുള്ള സാമ്പിളുകളിൽ Highly Pathogenic Avian Influenza-യുടെ സാന്നിധ്യം കണ്ടെത്തിയ സാഹചര്യത്തിൽ കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം നോൺ പൗൾട്രി സ്പീഷിയസ്സിൽപ്പെട്ട പശു, ആട്, എരുമ എന്നിവയുടെ പാൽ, നേസൽ സ്വാബ് സാമ്പിളുകളും അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡന്റെ അപേക്ഷപ്രകാരം തട്ടേക്കാട് പക്ഷിസങ്കേതത്തിലുള്ള Inland Birds ഇനത്തിൽപ്പെട്ട പക്ഷികളിൽനിന്നുള്ള

സാമ്പിളുകളും പരിശോധനയ്ക്കായി അയച്ചു. ഇവയിലെല്ലാം ഫലം നെഗറ്റീവായിരുന്നു.

(സി) സംസ്ഥാനത്ത് പക്ഷിപ്പനി രോഗബാധ അടിക്കടിയുണ്ടാകുന്ന സാഹചര്യത്തിൽ, കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി (KVASU), സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ് (SIAD), മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥർ, സംസ്ഥാന ജന്തുരോഗ നിയന്ത്രണ പദ്ധതി (ADCP) പ്രൊജക്ട് കോ-ഓർഡിനേറ്റർ, സ്റ്റേറ്റ് എപ്പിഡമിയോളജിസ്റ്റ് എന്നിവരെ ഉൾപ്പെടുത്തി പക്ഷിപ്പനി രോഗബാധ വരാനുള്ള കാരണം, പുതിയ സ്ഥലങ്ങളിലേയ്ക്കുള്ള വ്യാപനം, ദേശാടനപ്പക്ഷികളുടെ വരവ്, രോഗനിരീക്ഷണം തുടങ്ങിയ കാര്യങ്ങൾ സമഗ്രമായി വിലയിരുത്തുന്നതിനായി 19-06-2024-ലെ G.O(Rt) No. 339/2024/ AHD നമ്പർ പ്രകാരം സംസ്ഥാനതലത്തിൽ ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ടി സംഘം രോഗബാധിത പ്രദേശങ്ങൾ സന്ദർശിച്ച് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സ്വീകരിക്കേണ്ട രോഗപ്രതിരോധ നടപടികളെ സംബന്ധിച്ചും ത്വരിതഗതിയിൽ

കൈക്കൊള്ളേണ്ട നടപടികളെ സംബന്ധിച്ചും ദീർഘകാല പദ്ധതികളെ സംബന്ധിച്ചും റിപ്പോർട്ട് നൽകുന്നതാണ്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

ശ്രീ. വി. ജോയി: സർ, സംസ്ഥാനത്ത് കോഴികളിലും താറാവുകളിലും മാത്രം ബാധിച്ചിരുന്ന പക്ഷിപ്പനി ഇപ്പോൾ മറ്റ് പക്ഷികളിലേയ്ക്കും വ്യാപിക്കുന്നതായാണ് അറിയുന്നത്. ഇത്തവണ പക്ഷിപ്പനി രോഗബാധയുണ്ടായ സാഹചര്യത്തിൽ സർക്കാർതലത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ജോയി പറഞ്ഞതുപോലെ, സാധാരണഗതിയിൽ കോഴി, താറാവ് എന്നിവയിൽ മാത്രമായിരുന്നു പക്ഷിപ്പനി റിപ്പോർട്ട് ചെയ്തിരുന്നത്. 2014 മുതൽ നമ്മുടെ സംസ്ഥാനത്ത് പക്ഷിപ്പനി റിപ്പോർട്ട് ചെയ്യുന്നുണ്ട്. സാധാരണഗതിയിൽ ഒക്ടോബർ, ഫെബ്രുവരി മാസങ്ങളിലാണ് രോഗബാധ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നത്. എന്നാൽ ഇത്തവണ ഏപ്രിൽ മാസത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ദേശാടനപക്ഷികളുടെ വരവോടുകൂടി അവർ തമ്പടിക്കുന്ന

പ്രദേശങ്ങളിലാണ് സാധാരണയായി ഇത് കാണാറുള്ളത്. മൃഗസംരക്ഷണ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം അടിയന്തരമായി ചേരുകയും ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ രോഗബാധിത പ്രദേശങ്ങളിൽ കേന്ദ്ര ആക്ഷൻ പ്ലാൻ പ്രകാരമുള്ള നടപടികൾക്കുപുറമെ രോഗനിരീക്ഷണം കർശനമാക്കുന്നതിനും സർക്കാർ ഫാമുകളിലെ ബയോസെക്യൂരിറ്റി സംവിധാനങ്ങൾ കൃത്യമായി പാലിക്കുന്നതിനുമുള്ള നിർദ്ദേശം നൽകുകയുണ്ടായി. എല്ലാ മാധ്യമങ്ങൾ വഴിയും പൊതുജനങ്ങൾക്കും കർഷകർക്കുമുള്ള ജാഗ്രതാ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. കർശനമായ നിരീക്ഷണത്തിന്റെ ഭാഗമായി പശു, ആട്, എരുമ തുടങ്ങിയ മൃഗങ്ങളിൽനിന്നും ദേശാടനപക്ഷികൾ തമ്പടിക്കുന്ന തട്ടേക്കാട് പക്ഷിസങ്കേതത്തിൽനിന്നും സാമ്പിളുകൾ ശേഖരിക്കുകയുണ്ടായി. ഭാഗ്യവശാൽ ഈ ഫലങ്ങളെല്ലാം നെഗറ്റീവായിരുന്നു. വിദഗ്ധ സംഘം രോഗബാധിത കേന്ദ്രങ്ങളിൽ സന്ദർശനം നടത്തി പഠനം പൂർത്തിയാക്കിയിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് രണ്ട് ദിവസത്തിനുള്ളിൽ ലഭിക്കുമെന്നാണ് കരുതുന്നത്. സ്വകാര്യ സംരംഭകരുടെയും കോൺട്രാക്ട് ഫാർമേഴ്സിന്റെയും യോഗം മൃഗസംരക്ഷണ

വകുപ്പ് ഡയറക്ടറുടെ അധ്യക്ഷതയിൽ വിളിച്ചുചേർക്കുകയുണ്ടായി. ഇപ്രാവശ്യത്തെ രോഗബാധയെ സംബന്ധിച്ച തൽസ്ഥിതി അറിയിക്കുകയും സർക്കാരിന്റെ പക്ഷിപ്പനി പ്രതിരോധ നിയന്ത്രണ പരിപാടികളിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭകരുടെയും കർഷകരുടെയും പിന്തുണ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറി കേന്ദ്ര സെക്രട്ടറിയുമായി ചർച്ച നടത്തുകയുണ്ടായി. കേന്ദ്രം നമ്മുടെ സംസ്ഥാനത്ത് സന്ദർശനം നടത്തിയിരുന്നു. അവർ അതുമായി ബന്ധപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുമെന്നാണ് മനസ്സിലാകുന്നത്. സാധ്യമാകുന്ന എല്ലാ നടപടികളും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ, ഇതിന്റെ ഉന്നത വിഭാഗങ്ങൾ, ഏറ്റവും പ്രധാനപ്പെട്ട ശാസ്ത്ര സ്ഥാപനങ്ങൾ എന്നിവയുടെയെല്ലാം പങ്കാളിത്തത്തോടുകൂടി സർക്കാർ നടപ്പിലാക്കുന്നുണ്ട്.

ശ്രീ. വി. ജോയി: സർ, കാലേക്കൂട്ടിയുള്ള രോഗനിർണ്ണയം ഒരു പ്രധാനപ്പെട്ട ഘടകമാണ്. വകുപ്പിൽ നിലവിലുള്ള രോഗനിർണ്ണയ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് പറയാമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, നേരത്തെ പറഞ്ഞതുപോലെ, ഇതൊരു വൈറൽ രോഗബാധയായാണ് കണക്കാക്കിയിട്ടുള്ളത്. വൈറസ് ബാധയാണ് പക്ഷിപ്പനിയുടെ പ്രധാനപ്പെട്ട കാരണം. എച്ച്5 എൻ1 എന്ന വൈറസ് ഇനമാണ് രോഗത്തിന് കാരണമായി വരുന്നത്. ഇപ്പോഴുണ്ടായിരിക്കുന്ന പക്ഷിപ്പനിക്ക് കാരണമായിരിക്കുന്നത് എച്ച്5 എൻ1 -ന്റെ പുതിയ വകഭേദമാണെന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. ഇതെല്ലാം മനസ്സിലാക്കുന്നതിനായി ബയോസേഫ്റ്റി ലെവൽ രണ്ട് ഗ്രേഡിൽ പ്രവർത്തിക്കുന്ന, തിരുവനന്തപുരം ജില്ലയിലെ പാലോട് പ്രവർത്തിക്കുന്ന പ്രധാന റഫറൽ ലബോറട്ടറിയായ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ് (SIAD)-ന്റെ സാങ്കേതിക മേൽനോട്ടത്തിൽ നാല് രോഗനിർണ്ണയ ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ കീഴിൽ 14 ജില്ലാ ക്ലിനിക്കൽ ലബോറട്ടറികളും താലൂക്ക് തലത്തിൽ പ്രാഥമിക ലബോറട്ടറികളും പ്രവർത്തിച്ചുവരുന്നുണ്ട്. പക്ഷിമൃഗാദികളിലെ വിവിധതരം രോഗങ്ങൾ വേഗത്തിൽ നിർണ്ണയിക്കുന്നതിന് വിപുലമായ സംവിധാനങ്ങളാണ് ഇത്തരം ലാബുകളിൽ ഒരുക്കിയിട്ടുള്ളത്. നിലവിലെ കേന്ദ്ര നിർദ്ദേശമനുസരിച്ച്

പക്ഷിപ്പനി രോഗംപോലെ മനുഷ്യരെപ്പോലും ബാധിക്കാവുന്ന ഹൈ സെക്യൂരിറ്റി ജന്തുജന്യ രോഗങ്ങളുടെ സ്ഥിരീകരണം ഭോപ്പാലിലെ The National Institute of High Security Animal Diseases (NIHSAD) എന്ന ലാബിൽ മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ. ഈ ലാബിൽ രോഗം നിർണ്ണയിച്ചുകഴിഞ്ഞാൽ കേന്ദ്ര സർക്കാരാണ് പ്രസ്തുത സ്ഥിരീകരണം സംബന്ധിച്ച റിപ്പോർട്ട് പുറപ്പെടുവിക്കുന്നത്. സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന് ഇതിനെ സംബന്ധിച്ച് ഔദ്യോഗികമായി പരിശോധിക്കുന്നതിനും സ്ഥിരീകരിക്കുന്നതിനും നിലവിലെ മാനദണ്ഡപ്രകാരം പരിമിതിയുണ്ട്. എന്നാലും ആലപ്പുഴ ജില്ലയിലെ കുട്ടനാട് പ്രദേശത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള തിരുവല്ല പക്ഷിരോഗ നിർണ്ണയ ലബോറട്ടറിക്ക് പക്ഷിപ്പനി രോഗനിർണ്ണയത്തിനുള്ള അംഗീകാരം നൽകുന്നതിനായി കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അനുകൂല തീരുമാനമുണ്ടാകുന്നതോടെ രോഗനിർണ്ണയം വേഗത്തിലാക്കും. പാലോട് പ്രവർത്തിക്കുന്ന SIAD-നെ ബയോസേഫ്റ്റി ലെവൽ മൂന്നിലെത്തിച്ച് ഇത്തരം രോഗങ്ങളുടെ നിർണ്ണയം നടത്തുന്നതിന് സംവിധാനമൊരുക്കാനുള്ള കേന്ദ്ര

അനുമതിക്കായി കാത്തിരിക്കുകയാണ്. ശ്രീ. കെ. ബാബു (നെന്മാറ): സർ, പക്ഷിപ്പനി മൂലം കോഴികളെയും താറാവുകളെയും കൊന്നൊടുക്കുമ്പോൾ കർഷകർക്കും കാർഷിക മേഖലയ്ക്കും വലിയ സാമ്പത്തിക നഷ്ടമാണുണ്ടാകുന്നത്. ഓരോ വീടുകളിലും ഓമനിച്ചും താലോലിച്ചും വീട്ടുകാരെപ്പോലെ പോറ്റിവളർത്തുന്ന പക്ഷികളുമുണ്ട്. ഒരു രോഗമില്ലെങ്കിലും അത്തരത്തിൽ പോറ്റിവളർത്തുന്ന പക്ഷികളെ കൊന്നൊടുക്കണമെന്ന് പറയുമ്പോൾ ആ കുടുംബത്തിനുണ്ടാകുന്ന വിഷമം വലുതാണ്. അതുകൊണ്ട് വീട്ടിൽ ഓമനിച്ചുവളർത്തുന്ന പക്ഷികളെ അത്തരം നടപടികളിൽനിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, ഓമനിച്ചുവളർത്തുന്ന പക്ഷികളാണെങ്കിലും രോഗം വന്നുകഴിഞ്ഞാൽ നമ്മുടെ മുമ്പിൽ മറ്റ് മാർഗ്ഗമൊന്നുമില്ല. രോഗവാഹകയായിട്ടുള്ള പക്ഷിയെ നശിപ്പിക്കുക എന്നതാണ് അന്താരാഷ്ട്രതലത്തിൽതന്നെ ഇതിന്റെ മാർഗ്ഗമായി കണ്ടെത്തിയിരിക്കുന്നത്. ഇത് മനുഷ്യനിലേയ്ക്ക് പടരാനുള്ള സാധ്യതയുണ്ടെന്നതിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെ ചെയ്യുന്നത്. ഇപ്പോൾ അമേരിക്കയിൽ

സസ്തനികളിലേയ്ക്ക് ഈ രോഗം പകരുന്ന സാഹചര്യമുണ്ട്. എച്ച്5 എൻ1-ന്റെ പുതിയ വകഭേദമാണ് ഇപ്പോൾ കണ്ടിരിക്കുന്നത്. സാധാരണ കോഴിയിലും താറാവിലും മാത്രമായി ഈ രോഗമുണ്ടായപ്പോൾ അതിനെ cull ചെയ്ത് ഈ പ്രശ്നം പരിഹരിച്ചുവെങ്കിൽ ഇപ്പോൾ കാട, കാക്ക, പ്രാവ്, മയിൽ എന്നിവയിലെല്ലാം ഈ രോഗമെത്തുന്ന സ്ഥിതിവന്നിരിക്കുകയാണ്. അമേരിക്കയിൽ സസ്തനികളിലേയ്ക്ക് പടരുകകൂടി ചെയ്ത സാഹചര്യത്തിൽ വളരെ ഗൗരവമായിട്ടാണ് ലോകം ഇതിനെ കാണുന്നത്. മനുഷ്യനിലേയ്ക്ക് എത്തിയിട്ടുണ്ടെങ്കിലും അതൊരു mild fever മാത്രമായി ഒതുങ്ങിയിരിക്കുകയാണ്. ഇതിനെ പറയുന്നതുതന്നെ HPAI (Highly Pathogenic Avian Influenza) എന്നാണ്. അത്ര വലിയ പ്രാധാന്യമുണ്ട്. മനുഷ്യനിലേയ്ക്കുകൂടി പകരുന്ന സിനോപ്റ്റിക് ഡിസീസസ് പട്ടികയിൽ വരുന്നതുകൊണ്ടാണ് ഇത്രയും ശക്തമായ രോഗപ്രതിരോധ നടപടികൾ കൈക്കൊള്ളുന്നത്. ഇത് വളരെയധികം വിഷമമുണ്ടാക്കുന്നതാണെങ്കിലും ഈ കർമ്മ പദ്ധതിയിൽ മാറ്റം വരുത്താൻ നമുക്കാവില്ല. മനുഷ്യനിലേയ്ക്ക് പടരാതിരിക്കുക എന്ന വളരെ ഗൗരവതരമായ സമീപനം

സ്വീകരിക്കേണ്ടതുകൊണ്ട് ഇത് ചെയ്യേണ്ടത് അനിവാര്യമായി തീർന്നിരിക്കുകയാണ്.

ശ്രീ. ജി. സ്റ്റീഫൻ: സർ, നിലവിലുണ്ടായിട്ടുള്ള പക്ഷിപ്പനിയെക്കുറിച്ച് പഠിക്കുന്നതിന് ഒരു വിദഗ്ധ സംഘത്തെ നിയോഗിച്ചിട്ടുള്ളതായി മനസ്സിലാക്കുന്നു. ഈ സംഘം പഠനം ആരംഭിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ സർക്കാർ വ്യക്തമാക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ് (SIAD)-ലെ ചീഫ് ഡിസീസസ് ഇൻവെസ്റ്റിഗേഷൻ ഓഫീസറുടെ നേതൃത്വത്തിൽ കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി (KVASU)-യിലെ വിദഗ്ധനെയും വകുപ്പിലെ വിവിധ ലാബുകളിലെ ഉന്നതതല ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിക്കൊണ്ട് വിദഗ്ധ സംഘം നടത്തിയ പഠനത്തിന്റെ ഭാഗമായി ജൂൺ 26, 27 തീയതികളിൽ ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിലെ പക്ഷിപ്പനിബാധിത മേഖലകളിൽ പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. സർക്കാർ നൽകിയ ടേംസ് ഓഫ് റഫറൻസ് പ്രകാരം

തയ്യാറാക്കിയ രൂപരേഖയുടെ അടിസ്ഥാനത്തിലാണ് സംഘം പഠനം നടത്തിയത്. പരിശോധനകൾ പൂർത്തിയാക്കി ഭോപ്പാലിലെ The National Institute of High Security Animal Diseases (NIHSAD), ബാംഗ്ലൂരിലെ National Institute of Veterinary Epidemiology and Disease Informatics (ICAR) എന്നിവിടങ്ങളിലെ വിദഗ്ധരുടെ അഭിപ്രായംകൂടി കണക്കിലെടുത്ത് ഉടനടി നടത്തേണ്ട രോഗനിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ച് വിശദമായ പഠന റിപ്പോർട്ട് രണ്ട് ദിവസത്തിനകം സർക്കാരിന് സമർപ്പിക്കും. ഞാൻ നേരത്തെ പറഞ്ഞ, ഭോപ്പാലിലെ NIHSAD-ലെയും ബാംഗ്ലൂരിലെ ICAR-ലെയും പ്രമുഖരുടെ ഒരു കേന്ദ്രസംഘംകൂടി വന്നിരുന്നു. അവരുടെ അഭിപ്രായംകൂടി കണക്കിലെടുത്താണ് മാർഗ്ഗനിർദ്ദേശം നൽകുന്നത്. നമ്മുടെ സംഘം ഈ പ്രദേശങ്ങളെല്ലാം സന്ദർശിച്ചിട്ടുണ്ട്. അതിനനുസരിച്ചുള്ള വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതായിരിക്കും.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, മൃഗസംരക്ഷണ വകുപ്പിനുകീഴിലുള്ള പക്ഷിമൃഗാദികളുടെ രോഗനിർണ്ണയ ലബോറട്ടറികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അങ്ങ് ഇവിടെ വിശദീകരിക്കുകയുണ്ടായി. ഇത്തരം

ലബോറട്ടറികളിൽ നടക്കുന്ന രോഗനിർണ്ണയ സംവിധാനങ്ങളുടെ ശാസ്ത്രീയമായ കൃത്യത, അതിന്റെ ഗുണനിലവാരം എന്നിവയെ സംബന്ധിച്ച് എന്തെങ്കിലും പരിശോധനകൾ നടക്കുന്നുണ്ടോ; എങ്കിൽ അത്തരം പരിശോധനകളുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, നമ്മുടെ ലാബുകളിൽ ഏറ്റവും ഗുണനിലവാരത്തോടുകൂടിയുള്ള പരിശോധനകൾതന്നെയാണ് നടത്തുന്നത്. ലാബുകൾ ഗുണനിലവാരമുള്ളതാണോ എന്നറിയാൻ ഒരു സംവിധാനമുണ്ട്. അതിന് National Accreditation Board for Testing and Calibration Laboratories (NABL) സംവിധാനമാണുള്ളത്. ഗുണമേന്മ നിശ്ചയിക്കുന്ന ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട പരിശോധനാ സംവിധാനമായ NABL-ന്റെ അക്രഡിറ്റേഷൻ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം ജില്ലയിലെ SIAD, പത്തനംതിട്ട ജില്ലയിലെ തിരുവല്ല മഞ്ചാടിയിൽ പ്രവർത്തിക്കുന്ന Avian Disease Diagnostic Laboratory, പാലക്കാട് ജില്ലയിലെ മേഖലാ ലാബ് തുടങ്ങിയവയ്ക്ക് ലഭിച്ചിട്ടുണ്ട്. ഗുണമേന്മയുള്ള രോഗനിർണ്ണയ സംവിധാനങ്ങൾ നമ്മുടെ

സംസ്ഥാനത്തുള്ളതുകൊണ്ടാണ് ഈ ലാബുകൾക്ക് NABL അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ളത്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, പക്ഷിപ്പനി കാരണം നാടിന് പൊതുവിലും കർഷകർക്ക് പ്രത്യേകിച്ചുമുണ്ടാകുന്ന നഷ്ടം ചെറുതല്ല. പക്ഷിപ്പനിയുടെ പേരിൽ ഓരോ തവണയും ലക്ഷക്കണക്കിന് താറാവുകളെയും മറ്റ് പക്ഷിയിനങ്ങളെയുമാണ് കൊന്നൊടുക്കി ക്കൊണ്ടിരിക്കുന്നത്. ശാസ്ത്രപുരോഗതി നേടിയ ഈ കാലത്തും ഈ രീതിയിൽ കൂട്ടത്തോടെ കൊല്ലുക എന്ന സംവിധാനത്തെയാണ് ആശ്രയിക്കേണ്ടി വരുന്നത്. പരിശോധന നടത്തി രോഗം ബാധിച്ചതിനെ മാത്രം കണ്ടെത്തി അതിന് പരിഹാരമുണ്ടാക്കാനുള്ള മാർഗ്ഗങ്ങൾ ഇന്ന് നമ്മുടെ മുമ്പിലില്ല. ഇന്ന് ഇത് പരിശോധിക്കാൻ അയൽസംസ്ഥാനങ്ങളെ പ്രത്യേകിച്ച് ഹൈദരാബാദിനെയാണ് ആശ്രയിക്കുന്നത്. ഇത് പരിശോധിക്കുന്നതിനായി കേരളത്തിൽതന്നെ വൈറോളജി ലാബ് ആരംഭിക്കാൻ സാധിക്കുമോ; അതിന് തയ്യാറാകുമോ?

ശ്രീ. പി. പ്രസാദ്: സർ, അദ്ദേഹം പറഞ്ഞതിലുള്ള ഒരു പ്രധാനപ്പെട്ട കാര്യം ഞാൻ നേരത്തെ പറഞ്ഞതാണ്. നമ്മുടെ സംസ്ഥാനത്തെ ലാബിനെ ഇതിന്റെ ഗ്രേഡിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരുന്നതിന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. എല്ലാത്തിനെയും കൊന്നൊടുക്കുന്നുയെന്ന് അദ്ദേഹം പറഞ്ഞു. പക്ഷെ നമുക്ക് അതിന് ചില കണക്കൊക്കെയുണ്ട്. അങ്ങനെ ചെയ്യേണ്ടത് അനിവാര്യമായി വരുന്നുണ്ട്. World Organisation for Animal Health (WOAH)-ഉം World Health Organisation (WHO)-ഉം ഇതുമായി ബന്ധപ്പെട്ട മുന്നറിയിപ്പ് നൽകുന്നുണ്ട്. ലോകത്ത് ഏറ്റവും നമ്പർ വൺ ആയിട്ടുള്ള അല്ലെങ്കിൽ ഇക്കാര്യങ്ങളിൽ മുന്നറിയിപ്പുകൾ കൊടുക്കുന്ന ഗവേഷണ സ്ഥാപനങ്ങൾ പറയുന്നതനുസരിച്ചാണ് കേന്ദ്രവും കേരളവും കാര്യങ്ങൾ ചെയ്യുന്നത്. മനുഷ്യർക്ക് രോഗമുണ്ടാകാൻ പാടില്ലെന്നതിന്റെ പേരിലാണ് ഈ കാര്യങ്ങൾ സ്വീകരിക്കുന്നത്. സ്പാനിഷ് ഫ്ലൂവിന്റെ കഥ നമുക്കറിയാം. കംബോഡിയയിൽ എച്ച്5 എൻ1 എന്ന വൈറസുമൂലം ആളുകൾ മരിച്ച അനുഭവം നമ്മുടെ മുമ്പിലുണ്ട്. അമേരിക്കയിൽ പാസ്ച്വറൈസ്ഡ് ചെയ്ത പാലിൽ എച്ച്5 എൻ1 വൈറസ് കണ്ടു. അതിന്റെ അടിസ്ഥാനത്തിലാണ്

കേരളത്തിൽനിന്ന് പശു, ആട് എന്നിവയുടെ പാലിന്റെ സാമ്പിളുകൾ അയച്ചുകൊടുത്തത്. ഭാഗ്യത്തിൽ ഫലം നെഗറ്റീവായി. അതുകൊണ്ട് ഇത്തരം അവസരങ്ങളിൽ അതിന്റെ ഹോസ്റ്റെന്ന് കരുതുന്ന പക്ഷികളെ കൊല്ലുകയല്ലാതെ മറ്റൊരു മാർഗ്ഗവുമില്ലെന്നത് ലോകം മുഴുവൻ അംഗീകരിച്ച കാര്യമാണ്. അതാണ് ചെയ്തുകൊണ്ടിരിക്കുന്നത്. കേരളത്തിൽതന്നെ പരിശോധിക്കുന്നതിന് നമ്മുടെ ലാബിനെ ആ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള എല്ലാ സംവിധാനവും കേരളം ഒരുക്കുന്നുണ്ട്. അക്കാര്യം കേന്ദ്രത്തോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

ശ്രീമതി സി. കെ. ആശ: സർ, സർക്കാർ കൈക്കൊണ്ടിട്ടുള്ള പ്രതിരോധ നടപടികളുടെ ഭാഗമായി കോഴികളെയും താറാവുകളെയും ദയാവധം നടത്തി നശിപ്പിക്കുന്നതുമൂലം കർഷകർക്ക് വൻനഷ്ടമാണുണ്ടാകുന്നത്. ഈ നഷ്ടം പരിഹരിക്കുന്നതിന് സമയബന്ധിതമായി നടപടി കൈക്കൊള്ളുമോ?

ശ്രീ. പി. പ്രസാദ്: സർ, തീർച്ചയായും വലിയ നഷ്ടമാണുണ്ടാകുന്നത്. ഇക്കാര്യത്തിൽ നഷ്ടപരിഹാരം നൽകുന്നതിനായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള അനുപാതം 50:50 ആണ്. കോഴിക്കുഞ്ഞിന് 20 രൂപയാണ്

നഷ്ടപരിഹാരം നിശ്ചയിച്ചിരിക്കുന്നത്. അതിൽ പത്ത് രൂപ കേന്ദ്രവും 10 രൂപ സംസ്ഥാനവും നൽകണമെന്നാണ് പറയുന്നത്. മുട്ടക്കോഴിക്ക് 90 രൂപയാണ് കേന്ദ്രം നിശ്ചയിച്ചിരിക്കുന്നത്. അതിൽ 50:50 എന്ന നിരക്കിൽ 45 രൂപ വീതം കേന്ദ്രവും സംസ്ഥാനവും നൽകണം. എന്നാൽ കേരളം വിതരണം ചെയ്യുന്നത് അങ്ങനെയല്ല. കേരളം കോഴിക്കുഞ്ഞിന് 100 രൂപയാണ് നൽകുന്നത്. അതിൽ കേന്ദ്രം 10 രൂപ നൽകുമ്പോൾ കേരളം 90 രൂപകൂടിയിട്ട് 100 രൂപ നൽകും. മുട്ടക്കോഴിക്ക് 200 രൂപയാണ് നൽകുന്നത്. അതിൽ 45 രൂപമാത്രമാണ് കേന്ദ്രം നൽകുന്നത്. ഇറച്ചിക്കോഴിക്ക് 100 രൂപ നൽകുന്നതിൽ 35 രൂപയാണ് കേന്ദ്രം നൽകുന്നത്. താറാവുകുഞ്ഞുങ്ങൾക്ക് 100 രൂപ നൽകുന്നതിൽ 17.50 രൂപയാണ് കേന്ദ്രം നൽകുന്നത്. വലിയ താറാവുകൾക്ക് 200 രൂപ നൽകുന്നതിൽ 67.50 രൂപയാണ് കേന്ദ്രം നൽകുന്നത്. 2023 ഫെബ്രുവരി മാസത്തിലാണ് അവസാനമായി കേരളത്തിൽ രോഗമുണ്ടായത്. അതുവരെയുള്ള കാശ് മുഴുവനും നൽകിയിട്ടുണ്ട്. 2016 മുതലുള്ള നഷ്ടപരിഹാരത്തുക മൃഗസംരക്ഷണ വകുപ്പിന്റെ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ കോർപ്പസ് ഫണ്ടിൽനിന്നും സംസ്ഥാന സർക്കാരാണ്

മുൻകൂറായി നൽകിയത്. ഏകദേശം 7.1 കോടി രൂപ കേന്ദ്ര സർക്കാരിൽനിന്നും കേരളത്തിന് ലഭിക്കാനുണ്ടായിരുന്നതിൽ 1,80,00,000 രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ഇനിയും സംസ്ഥാനം ചെലവഴിച്ചതിൽ 5,30,00,000 രൂപ ലഭിക്കാനുണ്ട്. എങ്കിലും സംസ്ഥാനംതന്നെ മുൻകയ്യെടുത്തുകൊണ്ട് 2023 വരെ വന്നിട്ടുള്ള കാശ് നൽകിയിട്ടുണ്ട്. ബാക്കിയുള്ള തുക വേഗത്തിൽ നൽകുന്നതിനുള്ള നടപടി സ്വീകരിക്കും.

**കായിക വിദ്യാഭ്യാസം സ്കൂൾ കരിക്കുലത്തിന്റെ ഭാഗമാക്കൽ**

(*423) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വിദ്യാഭ്യാസം സ്കൂൾ കരിക്കുലത്തിന്റെ ഭാഗമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സ്പോർട്സ് സ്കൂളുകൾക്കായി പ്രത്യേക പാഠ്യപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; ഇതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദമാക്കുമോ;

(സി) പ്രൈമറി വിദ്യാർത്ഥികളുടെ മാനസിക, ശാരീരിക കഴിവുകൾ മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ,

(എ) ഉണ്ട്. കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിലും ജി. വി. രാജ പോലെയുള്ള ഗവൺമെന്റ് സ്പോർട്സ് സ്കൂളുകളിലുമെല്ലാം പുതിയ പാഠ്യ പദ്ധതി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അത് നല്ലരീതിയിൽ നടപ്പിലാക്കിവരികയാണ്. ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയാണ് കഴിഞ്ഞ വർഷം തിരുവനന്തപുരത്തുവച്ച് പ്രൈമറി വിദ്യാർത്ഥികൾക്കുള്ള പാഠപുസ്തകങ്ങളുടെ വിതരണത്തിന് തുടക്കം കുറിച്ചത്. ഏറ്റവും നല്ലരീതിയിൽ അത് നടപ്പിലാക്കിവരികയാണ്. അതിനാവശ്യമായ

പാഠ്യപദ്ധതി നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. യു.പി. വിഭാഗത്തിലേയ്ക്കുള്ള പാഠ്യപദ്ധതികളുടെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. കായിക വിദ്യാഭ്യാസം നിർബന്ധിത പാഠ്യവിഷയമായി അംഗീകരിച്ചിട്ടുണ്ട്. ഇതിൽ പ്രൈമറി മുതൽ ഹയർസെക്കൻഡറിവരെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക പാഠ്യപദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. പ്രീപ്രൈമറി, പ്രൈമറി തലങ്ങളിൽ ഉദ്ഗ്രഥിത രീതിയിലാണ് കായിക വിദ്യാഭ്യാസം പഠിപ്പിക്കുന്നത്.

യു.പി., ഹൈസ്കൂൾ തലങ്ങളിൽ പ്രത്യേക അക്കാദമിക സാമഗ്രികൾ തയ്യാറായിട്ടുണ്ട്. 5 മുതൽ 10 വരെ ഓരോ ക്ലാസ്സിലും ആക്ടിവിറ്റി ബുക്കുകൾ തയ്യാറാക്കി മുഴുവൻ കുട്ടികൾക്കും വിതരണം ചെയ്തിട്ടുണ്ട്. ഓരോ ക്ലാസ്സിനും ടീച്ചർ ടെക്സ്റ്റുകൾ പ്രത്യേകമായി തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിലെ ഭാഷാ വൈവിധ്യമനുസരിച്ച് മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നട ഭാഷകളിൽ ബുക്കുകൾ പരിഭാഷപ്പെടുത്തി നൽകിയിട്ടുണ്ട്.

ലോവർ പ്രൈമറി സ്കൂളിലെ കുട്ടികൾക്ക് കായിക വിദ്യാഭ്യാസം നൽകാൻ ഹെൽത്തി കിഡ്സ് പദ്ധതി നടപ്പിലാക്കിവരികയാണ്. എൽ.പി.

സ്കൂൾ പാഠ്യപദ്ധതിയിൽ കായിക വിദ്യാഭ്യാസം ഉൾപ്പെടുത്താൻ തീരുമാനിച്ചതുപ്രകാരം എസ്.സി.ഇ.ആർ.ടി. മുഖേന അധ്യാപകർക്ക് ഹാന്റ് ബുക്ക് തയ്യാറാക്കി വിതരണം ചെയ്തു. ഇതിനായി കായിക വകുപ്പ് ആവശ്യമായ സഹായങ്ങൾ വിദ്യാഭ്യാസ വകുപ്പിന് നൽകിയിട്ടുണ്ട്. അതിനായി കായികവകുപ്പ് 21 ലക്ഷം രൂപ എസ്.സി.ഇ.ആർ.ടി.-ക്ക് കൈമാറിയിട്ടുണ്ട്. എൽ.പി. ക്ലാസ്സിലേയ്ക്കുള്ള വർക്ക് ബുക്ക് തയ്യാറാക്കിവരികയാണ്.

(ബി) നിലവിൽ കായിക വകുപ്പിന് കീഴിൽ 3 സ്പോർട്സ് സ്കൂളുകളും എസ്. സി/എസ്.ടി വകുപ്പിന് കീഴിൽ 2 കായിക വിദ്യാലയങ്ങളും ഉൾപ്പെടെ സംസ്ഥാനത്ത് ആകെ 5 കായിക വിദ്യാലയങ്ങളാണ് പ്രവർത്തിച്ചുവരുന്നത്. ഈ സ്കൂളുകളിലെ കുട്ടികൾ ദിവസവും അഞ്ചു മുതൽ ആറുമണിക്കൂർവരെ കഠിനമായ കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരാണ്. പൊതുവിദ്യാഭ്യാസ മേഖലയിലെ വിദ്യാർഥികളുടെ പാഠ്യപദ്ധതിയാണ് ഈ കുട്ടികളും പഠിക്കുന്നത്. ഇത് ഇവരുടെ കായിക പ്രകടനത്തെയും അക്കാദമിക നിലവാരത്തെയും സാരമായി ബാധിക്കുന്നുണ്ട്. എല്ലാ സ്പോർട്സ് സ്കൂളിനും ബാധകമാകുന്നതും പൊതുപരീക്ഷാ സർട്ടിഫിക്കറ്റുകൾക്ക് തുല്യമാകുന്നതുമായ

പ്രത്യേക പാഠ്യപദ്ധതി വികസിപ്പിക്കുന്നതിന് എസ്.സി.ഇ.ആർ.ടി.-യെ ചുമതലപ്പെടുത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 31-10-2022-ന് ചേർന്ന യോഗം തീരുമാനിച്ചിരുന്നു. നിലവിലത് നടപ്പിലാക്കിവരികയുമാണ്. 14-02-2024-ന് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ, കായിക വകുപ്പുമന്ത്രിമാരുടെ സംയുക്ത യോഗത്തിൽ സ്പോർട്സ് സ്കൂളുകളിൽ പ്രത്യേക പാഠ്യപദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചു. സ്പോർട്സ് സ്കൂൾ പാഠ്യപദ്ധതി തയ്യാറാക്കാൻ എസ്.സി.ഇ.ആർ.ടി.-യെ ചുമതലപ്പെടുത്തി. ഇതുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ എസ്.സി.ഇ.ആർ.ടി. കേരളയുടെ നേതൃത്വത്തിൽ നടന്നുവരികയാണ്. സ്പോർട്സ് സ്കൂളുകളിൽ പ്രത്യേക പാഠ്യപദ്ധതി നടപ്പിലാക്കുമ്പോൾ നിലവിലെ ജനറൽ വിഭാഗത്തിലെ കുട്ടികൾക്കായി തയ്യാറാക്കുന്ന പാഠപുസ്തകത്തിൽ ഉൾപ്പെടുന്ന ഉള്ളടക്ക ഭാഗങ്ങളോടൊപ്പം സ്പോർട്സുമായി ബന്ധപ്പെട്ട ആശയങ്ങളും സന്ദർഭങ്ങളും ഉദാഹരണങ്ങളും ഉൾപ്പെടുത്തും. ഇതിലൂടെ പത്താം ക്ലാസ്സിലും പന്ത്രണ്ടാം ക്ലാസ്സിലും പഠനം പൂർത്തിയാക്കുന്ന കുട്ടികൾക്ക് ജനറൽ കുട്ടികൾക്ക് സമാനമായ സർട്ടിഫിക്കറ്റ് നൽകുവാനും

സാധിക്കും. സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്ക് അനുയോജ്യമായ പ്രത്യേക പാഠ്യപദ്ധതി നടപ്പിലാക്കാൻ കരിക്കുലം കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. സ്പോർട്സ് സ്കൂൾ കരിക്കുലം തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് നിർദേശങ്ങൾ സമർപ്പിക്കാൻ കായിക വകുപ്പ് പ്രത്യേക കമ്മിറ്റി രൂപീകരിച്ചിട്ടുമുണ്ട്. സ്പോർട്സ് സ്കൂളുകളിൽ പ്രത്യേക കരിക്കുലം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് 06-06-2024-ൽ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. യോഗ തീരുമാനപ്രകാരം പ്രാഥമികമായി 11-07-2024-ന് ഏകദിന ആശയരൂപീകരണ ശിൽപ്പശാല സംഘടിപ്പിക്കുമെന്ന് എസ്.സി.ഇ.ആർ.ടി. അറിയിച്ചിട്ടുണ്ട്.

(സി) കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും കായികയുവജനകാര്യാലയം മുഖേന ആവിഷ്കരിച്ച് സ്കൂളുകളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് 'ഹെൽത്തി കിഡ്സ്'. ഈ

പദ്ധതിയിലൂടെ കുട്ടികളെ അവരുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്നു. പ്രൊഫഷണൽ ഗെയിമുകളുടെ അടിസ്ഥാനകാര്യങ്ങളിലേയ്ക്ക് അവരെ പരിചയപ്പെടുത്തി അങ്ങനെ സ്പോർട്സിലും ഗെയിമുകളിലും പ്രത്യേക താല്പര്യമുള്ളവരാക്കുന്നു. ഇതിലൂടെ ആരോഗ്യമുള്ളതും ഉത്തരവാദിത്വമുള്ളതുമായ പൗരന്മാരുടെ അടുത്ത തലമുറയെയാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്തിലെ സ്കൂൾ വിദ്യാർത്ഥികളുടെ കായികവും ബൗദ്ധികവുമായ കഴിവ് വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കായികയുവജനകാര്യാലയം വിദ്യാഭ്യാസ വകുപ്പിന്റെയും എസ്.സി.ഇ.ആർ.ടി.-യുടെയും സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. 1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ സമഗ്രമായ ആരോഗ്യ കായിക വിദ്യാഭ്യാസ പരിപോഷണത്തിനായി ഹെൽത്തി കിഡ്സ് എന്ന പേരിൽ എസ്.സി.ഇ.ആർ.ടി. ഒരു ഗവേഷണ പഠനം പൂർത്തിയാക്കുകയും ഇതിന്റെ ഭാഗമായി 7000 ഹാന്റ്ബുക്കുകൾ പ്രിന്റ് ചെയ്ത് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. അതിനായി കായിക വകുപ്പ് 21 ലക്ഷം രൂപ എസ്.സി.ഇ.ആർ.ടി.-ക്ക് കൈമാറിയിട്ടുണ്ട്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, കായിക വകുപ്പ് ഏറ്റെടുത്ത ജി. വി. രാജ സ്പോർട്സ് സ്കൂളിന്റെ വികസനത്തിനുവേണ്ടി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഇന്ത്യയിൽത്തന്നെ ഏറ്റവും നല്ലരീതിയിൽ പ്രവർത്തിക്കുന്ന ഒരു കായിക വിദ്യാലയമാണ് ജി. വി. രാജ സ്പോർട്സ് സ്കൂൾ. 2017-ലാണ് കായിക വകുപ്പിന് കീഴിൽ ടി സ്കൂളിന്റെ പ്രവർത്തനം മികച്ച രീതിയിൽ ആരംഭിക്കുന്നത്. കായിക വകുപ്പ് 30 കോടിയോളം രൂപ വികസനപ്രവർത്തനങ്ങൾക്കായി പ്രസ്തുത സ്കൂളിന് നൽകിയിട്ടുണ്ട്. അത് നല്ലരീതിയിൽ നടപ്പിലാക്കിവരികയാണ്. അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ കോർട്ട്, 400 മീറ്റർ സിന്തറ്റിക് ട്രാക്ക്, ലോംഗ്ജമ്പ് പിറ്റ്, ഹൈജമ്പിനും പോൾവാൾട്ടിനുമുള്ള സൗകര്യങ്ങൾ, സിന്തറ്റിക് ഹോക്കി ടർഫ്, ഇൻഡോർ സ്റ്റേഡിയം എന്നിവ ക്യാമ്പസിലുണ്ട്. 3.34 കോടി രൂപ ചെലവഴിച്ച് ഇൻഡോർ ബാസ്കറ്റ്ബോൾ കോർട്ട്, ഫിറ്റ്നസ് സെന്റർ, ലാൻഡ് സ്കേപിംഗ് എന്നിവയും നടപ്പിലാക്കി. സ്കൂൾ കവാടത്തിൽത്തന്നെ ജി. വി. രാജയുടെ പൂർണ്ണകായ പ്രതിമ സ്ഥാപിക്കുകയും വിദ്യാലയത്തിന്റെ മുഴുവൻ ഭാഗങ്ങളിലും

സി.സി. ടി.വി. സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഹൈടെക് ക്ലാസ് മുറികളും മികച്ച ലാബ് സൗകര്യങ്ങളും സജ്ജമാക്കിയിട്ടുണ്ട്. ഏറ്റവും പോഷകസമൃദ്ധമായ ഭക്ഷണം ലഭ്യമാക്കുന്നതിനുള്ള നടപടികൾ നല്ലരീതിയിൽ നടന്നുവരികയാണ്. സ്പോർട്സ് മെഡിസിൻ സംവിധാനം ഏർപ്പെടുത്തി. ഫിസിയോതെറാപ്പി കൗൺസലിംഗ് സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. സ്കൂൾ സമീപത്തെ രണ്ടര ഏക്കർ സ്ഥലം ലഭ്യമാക്കി. ഇവിടെ ആധുനിക രീതിയിലുള്ള ഹോസ്റ്റലും കളിക്കളങ്ങളും നിർമ്മിക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിവരികയാണ്. ലോകോത്തര ക്ലബായിട്ടുള്ള എ.സി. മിലാന്റെ സഹകരണത്തോടുകൂടി സ്കൂളിലെ ഫുട്ബോൾ അക്കാദമി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, ലഹരി വ്യാപനത്തിലും ഓൺലൈൻ ഗെയിമുകളിലും ചൂതാട്ടത്തിലും ചെറുപ്രായത്തിലെ കുട്ടികൾ അകപ്പെട്ടുപോകുകയാണ്. ഇത്തരത്തിൽ നേരിടുന്ന വലിയ സാമൂഹിക പ്രത്യാഘാതം ഒഴിവാക്കുന്നതിനായി കുട്ടികൾക്ക് കായികക്ഷമത കൈവരിക്കാൻ അവസരമൊരുക്കി ശാരീരികവും മാനസികവുമായ

ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കാൻ എന്തെല്ലാം നിർദേശങ്ങളാണ് കായിക നയം മുന്നോട്ടുവയ്ക്കുന്നതെന്ന് വിശദമാക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, സമഗ്രമായൊരു കായിക നയം കേരളം നടപ്പിലാക്കിവരികയാണ്. കഴിഞ്ഞ സഭയിലാണ് ഇതുമായി ബന്ധപ്പെട്ട പ്രഖ്യാപനമുണ്ടായത്. പൊതുവിദ്യാലയങ്ങളോടൊപ്പംതന്നെ സംസ്ഥാനത്തെ എല്ലാ സിലബസിനും കീഴിലുള്ള വിദ്യാലയങ്ങളിലെ വിദ്യാർഥികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കായിക വികസന പ്രവർത്തനങ്ങളാണ് സ്കൂൾതലത്തിൽ നടപ്പിലാക്കാൻ കായിക നയം പ്രത്യേകമായി നിർദേശിക്കുന്നത്. മുഴുവൻ കുട്ടികൾക്കും കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടാനും കായിക മത്സരങ്ങളിൽ കഴിവ് തെളിയിക്കാനും അവസരമുണ്ടാകണം. വിദ്യാലയങ്ങളിലെ കായിക അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടത് ആവശ്യമാണ്. സ്കൂളുകൾക്ക് അംഗീകാരം നൽകാൻ കളിക്കളങ്ങൾ നിർബന്ധമാക്കണം. എല്ലാ സ്കൂളുകളിലും കായിക ഇനങ്ങളിൽ സൗകര്യം വേണമെന്നാണ് നയം ആവശ്യപ്പെടുന്നത്. കായിക പ്രവർത്തനങ്ങളുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് രക്ഷിതാക്കളിൽ

ഇതുമായി ബന്ധപ്പെട്ട അവബോധം സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കാൻ നിർദേശിച്ചിട്ടുണ്ട്. കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിനോടൊപ്പംതന്നെ പ്രായോഗിക പരിശീലനം നൽകാൻ സംവിധാനം ഏർപ്പെടുത്തുകയും കളിയുപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നിർദേശങ്ങളും നയം മുന്നോട്ടുവയ്ക്കുന്നുണ്ട്. വിദ്യാർഥികളുടെ ശാരീരികക്ഷമതയും കായികക്ഷമതയും പുരോഗതിയും വിലയിരുത്താൻ ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കുകയാണ്. കുട്ടികൾ ഗെയിമുകളിൽ വളരെയധികം സമയം ചെലവഴിക്കുന്നുണ്ട്. അതിനുപകരമായി ഇ-സ്പോർട്സ് സംവിധാനം കേരളത്തിൽ വ്യാപകമാക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ സഹായത്തോടുകൂടി കോളേജുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമൊക്കെ ഇ-ഗെയിം കൊണ്ടുവന്നാൽ ഫിസിക്കൽ ആക്ടിവിറ്റീസ് നല്ലരീതിയിൽ കുട്ടികൾക്ക് നൽകാൻ സാധിക്കും. പല പ്രൊഫഷണൽ കോളേജുകളിലും ഇന്ന് കുട്ടികൾ യാതൊരു രീതിയിലുള്ള കായികയിനങ്ങളിലും പങ്കെടുക്കുകയോ അത്തരത്തിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ചെയ്യുന്നില്ല. അവരെക്കൂടി ഇതിന്റെ

ഭാഗമാക്കുന്നതിനുവേണ്ടിയിട്ടാണ് ഇ-സ്പോർട്സ് സംവിധാനം വ്യാപകമാക്കുന്നതിന് നയത്തിൽ പ്രത്യേകമായ ഭാഗം ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് നല്ല രീതിയിൽ നടപ്പിലാക്കിവരികയാണ്.

ഡോ. കെ. ടി. ജലീൽ ചുമതലപ്പെടുത്തിയപ്രകാരം (ശ്രീ. എം. നൗഷാദ്): സർ, കായിക രംഗത്ത് മികച്ച മുന്നേറ്റമാണ് കഴിഞ്ഞ കാലങ്ങളിൽ ഉണ്ടായിട്ടുള്ളത്. വിദ്യാർഥികളുടെ കായികശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടിയിട്ടുള്ള നിരവധി പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. സ്കൂളുകളിൽ വിവിധ കായികയിനങ്ങളിൽ കഴിവുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, പുതിയ കായികനയത്തിൽ സ്കൂൾ സ്പോർട്സിന് കാര്യമായ പരിഗണന നൽകുന്നുണ്ട്. ഉന്നത പരിശീലനം ലക്ഷ്യമാക്കി സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ വിവിധ ജില്ലകളിൽ കായികയിനങ്ങൾക്കായി 30 ജില്ലാ അക്കാദമികൾ പ്രവർത്തിക്കുന്നുണ്ട്. 51 കോളേജ് അക്കാദമികൾ, 22 സ്കൂൾ അക്കാദമികൾ

എന്നിവയും സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിക്കുകയാണ്. അത്‌ലറ്റിക്ക് പരിശീനത്തിനായി ആറ് സ്കൂളുകളിൽ വിവിധങ്ങളായ പരിശീലന പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. അതിൽ നിരവധിയായ ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്കൂൾതലങ്ങളിൽ മൂന്ന് ഫുട്ബോൾ അക്കാദമികൾ ആരംഭിച്ചിട്ടുണ്ട്. പെൺകുട്ടികൾക്കുമാത്രമായി ജി. വി. രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ, കൊച്ചി എന്നിവിടങ്ങളിൽ പ്രത്യേകം അക്കാദമികൾ ആരംഭിച്ചിട്ടുണ്ട്. 17 ടീമുകളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സി.എം.ട്രോഫി നടത്തിവരുന്നുണ്ട്. നല്ലരീതിയിലുള്ള പ്രതികരണമാണ് ഇതുമായി ബന്ധപ്പെട്ടുള്ളത്. സംസ്ഥാനത്ത് അഞ്ചുലക്ഷം കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകുന്ന 'ഗോൾ' പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തീകരിച്ചിരിക്കുകയാണ്. ജർമ്മനിപോലുള്ള രാജ്യങ്ങളിൽനിന്നും 20 കുട്ടികൾക്ക് ഫുട്ബോൾ മത്സരങ്ങളിൽ പരിശീലനം നൽകാൻ തയ്യാറാണെന്നുള്ള അറിയിപ്പ് വന്നിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട ചർച്ചകൾക്കായി അടുത്ത ദിവസംതന്നെ അവർ എത്തുകയാണ്. ക്യൂബൻ സർക്കാരിന്റെ പ്രതിനിധികൾ കഴിഞ്ഞ ദിവസം തിരുവനന്തപുരത്ത് വരികയും

അവരുടെ ഹവാന യൂണിവേഴ്സിറ്റിയിൽ സ്പോർട്സുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, കോഴിക്കോട് ആരംഭിക്കാൻ പോകുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സുമായി ബന്ധപ്പെടുത്തി ലിങ്ക് ചെയ്തുകൊണ്ടുള്ള സഹകരണം മെച്ചപ്പെടുത്തുന്ന കാര്യവും ഇന്നലെ സംസാരിക്കുകയുണ്ടായി. സ്പോർട്സ് കോൺക്ലേവിൽ 51-ഓളം രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികൾ പങ്കെടുക്കുകയും സംസ്ഥാനത്ത് സ്പോർട്സ് വികസനവുമായി ബന്ധപ്പെട്ട നിരവധി ചർച്ചകൾ നടത്തുകയുമുണ്ടായി. ഇത്തരം കാര്യങ്ങളൊക്കെ നടപ്പിലായിവരികയാണ്. നിരവധി അക്കാദമികൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളത്ത് സ്പാനിഷ് ക്ലബുകളുടെ പരിശീലനം ആരംഭിച്ചു. അർജന്റീന കേരളത്തിൽ അക്കാദമി ആരംഭിക്കാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. വലിയ ചെലവേറിയ സംവിധാനമായതുകൊണ്ട് അതിലേയ്ക്കുപോകാൻ കഴിഞ്ഞിട്ടില്ല. എല്ലാതലങ്ങളിലും കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. കെ. പ്രേംകുമാർ: സർ, കായികമേഖലയെ സംബന്ധിച്ച് ഏറെ പ്രസക്തമായ പഴഞ്ചൊല്ലാണ് 'കതിരിൽ വളം വച്ചിട്ട് കാര്യമില്ല' എന്നത്.

എൽ.പി. സ്കൂളുകളിൽ സ്വാഭാവികമായും കായികാധ്യാപകരെ നിയമിക്കണമെന്നതുൾപ്പെടെയുള്ള ആവശ്യങ്ങൾ താഴെത്തട്ടിൽനിന്നും ഉയർന്നുവരുന്നുണ്ട്. എൽ.പി. സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കായിക പ്രവർത്തനങ്ങളിലേർപ്പെടാൻ എന്തെല്ലാം സൗകര്യങ്ങളാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ലോവർ പ്രൈമറി വിദ്യാർത്ഥികളുടെ ശാരീരിക-മാനസിക കഴിവുകൾ വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ട് കായിക വകുപ്പ് 25 സ്കൂളുകളിൽ 'പ്ലേ ഫോർ ഹെൽത്ത് ' എന്ന പദ്ധതി 'ഹെൽത്തി കിഡ്സ്' എന്നപേരിൽ മുപ്പതോളം സ്കൂളുകളിൽ വ്യാപിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം അന്താരാഷ്ട്ര കായിക ഉച്ചകോടിയിൽ ഉയർന്നുവന്ന നിർദ്ദേശപ്രകാരം സംസ്ഥാനത്തെ സാമൂഹിക സംഘടനകളുടെ സഹായത്തോടെ 140 സ്കൂളുകളിൽക്കൂടി ഈ പദ്ധതി നടപ്പിലാക്കാൻ ധാരണയായിട്ടുണ്ട്. എറണാകുളം ജില്ലയിലെ ഇരുപതോളം വിദ്യാലയങ്ങളിൽ ഈ പദ്ധതിക്കാവശ്യമായ സഹായസഹകരണങ്ങൾ കൊച്ചിൻ ഷിപ്പ്‍യാർഡ് വാഗ്ദാനം ചെയ്തിട്ടുണ്ട്. ഹെൽത്തി കിഡ്സുമായി ബന്ധപ്പെട്ട നടപടികൾ കുട്ടികളെ

സംബന്ധിച്ചിടത്തോളം കായികരംഗത്തേയ്ക്ക് അവരെ വളർത്തിക്കൊണ്ടുവരാൻ സഹായിക്കും. ചെറിയ പ്രായത്തിൽ  ക്ലാസ്മുറികളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. അവിടെ വിവിധതരം കായികയിനങ്ങളുടെ ഡിസ്പ്ലേയുണ്ടാകും. ചെറിയകുട്ടികൾ അവിടെവന്ന് പരിശീലിക്കുന്ന രീതിയാണ് ഇതിലൂടെ മുന്നോട്ടുവയ്ക്കുന്നത്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, കായിക വകുപ്പിന്റെ കീഴിലുള്ള സ്പോർട്സ് കൗൺസിലിന് 33 കോടി രൂപയും  സ്പോർട്സ് ഡയറക്ടറേറ്റിന് 101 കോടി രൂപയുമാണ് ബജറ്റ് അലോക്കേഷനുള്ളത്. പക്ഷേ രണ്ട് വ്യത്യസ്ത ഹെഡ്ഡിലാണ് ഈ അലോക്കേഷൻ വരുന്നത്. അതുകൊണ്ടുതന്നെ കായിക വകുപ്പിന്റെ പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ ഏകോപിപ്പിക്കാൻ പലപ്പോഴും ബുദ്ധിമുട്ട് വരാറുണ്ട്. ഇപ്പോൾ സ്പോർട്സ് കൗൺസിലിൽത്തന്നെ പലപ്രവർത്തനങ്ങളും ഇതുനിമിത്തം ബുദ്ധിമുട്ടുള്ളതായാണ് അറിയുന്നത്. അതുകൊണ്ട് കായിക വകുപ്പിന്റെ കീഴിൽ ഇവ  ഏകോപിപ്പിച്ച് പോകാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ?

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, 'എല്ലാപേർക്കും ആരോഗ്യം' എന്നതുപോലെ 'എല്ലാപേർക്കും കായികം' എന്നതാണ് സർക്കാർ മുന്നോട്ടുവയ്ക്കുന്ന ലക്ഷ്യം. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കായിക ഡയറക്ടറേറ്റിനെയും സ്പോർട്സ് കൗൺസിലിനെയും ഒന്നിച്ച് മുന്നോട്ടുകൊണ്ടുപോകുന്നത് അഭികാമ്യമാണെന്ന് ഈ ഗവൺമെന്റിന്റെ പ്രകടനപത്രികയിൽ പ്രത്യേകം എടുത്തുപറഞ്ഞിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നല്ലരീതിയിൽ പൂർത്തീകരിച്ചുവരികയാണ്. കായിക ഡയറക്ടറേറ്റിനെയും കൗൺസിലിനെയും ഒന്നിച്ചുകൊണ്ടുപോകുന്നതോടുകൂടി സംസ്ഥാനതലത്തിൽ കായികപ്രവർത്തനങ്ങൾക്ക് ഏകീകൃത സ്വഭാവം കൈവരിക്കാൻ കഴിയും. ഇന്ന് സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനം ജില്ലാതലങ്ങളിൽ ഒതുങ്ങിനിൽക്കുകയാണ്. പഞ്ചായത്തുതല സ്പോർട്സ് കൗൺസിലുകളുടെ രൂപീകരണം ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. ഇനിമുതൽ സംസ്ഥാന ഗവൺമെന്റ് അനുവദിക്കുന്ന ബജറ്റ് തുക താഴെത്തട്ടിലെത്തിക്കുകയും പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ പഞ്ചായത്തുതല സ്പോർട്സ് കൗൺസിലുകളെ

ചുമതലപ്പെടുത്തുകയും ആവശ്യമായ പരിശീലകരെ ജില്ലാ സ്പോർട്സ് കൗൺസിലുകൾ നൽകുകയും ചെയ്യുക എന്നതാണ് സർക്കാർ മുന്നോട്ടുവയ്ക്കുന്ന ലക്ഷ്യം. ഇതിന്റെ ഭാഗമായി ഈ രണ്ട് ബജറ്റുകളും ഒന്നിപ്പിച്ചുകൊണ്ടുതന്നെ താഴേയ്ക്ക് കൊണ്ടുവരാൻ കഴിഞ്ഞാൽ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ പുതിയ കായിക പദ്ധതികളുണ്ടാക്കാനും അവിടെ അഞ്ച് പുതിയ പരിശീലകരെ നിയമിക്കാനും തദ്ദേശസ്വയംഭരണ വകുപ്പ് പുതിയൊരു സർക്കാർ ഉത്തരവ് പുറത്തിറക്കിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ഓരോ പഞ്ചായത്തുകൾക്കും കായികയിനങ്ങൾ പരിശീലിപ്പിക്കുന്നതിനുവേണ്ടി അഞ്ചുവീതം പരിശീലകരെ നിയമിക്കാൻ കഴിയും. അതിനാവശ്യമായ തുക മാറ്റിവയ്ക്കാൻ പഞ്ചായത്തുകൾക്ക് നിർദേശം നൽകിയിട്ടുണ്ട്. ഇങ്ങനെവരുമ്പോൾ പഞ്ചായത്തുതലങ്ങളിലേക്കുള്ള മൈക്രോലെവൽ സ്പോർട്സിലേക്കാണ് പോകുന്നത്. ഇത് കായികമേഖലയിൽ വലിയ ഉണർവുണ്ടാക്കും. ഈ രീതി നല്ലരീതിയിൽ നടപ്പിലാക്കുന്നതോടുകൂടി സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും കായിക പ്രവർത്തനങ്ങളിലേർപ്പെടാനും അതോടൊപ്പം പഞ്ചായത്തുകളിലെ കായികപ്രവർത്തനങ്ങൾ സജീവമാക്കാനും കഴിയും. ഇതിന്റെ

മുന്നോടിയായാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം എന്ന രീതിയിൽ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആ കളിക്കളങ്ങളിലെ നിർമ്മാണപ്രവർത്തനങ്ങൾ നല്ല രീതിയിൽ ആരംഭിച്ചിട്ടുണ്ട്. എം.എൽ.എ.-മാരുടെ സഹായത്തോടെയാണ് ആ പദ്ധതി നടപ്പിലാക്കുന്നത്.

## കർഷക ആത്മഹത്യ തടയാൻ നടപടി

(*424) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സജീവ് ജോസഫ്
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക ആത്മഹത്യ വർദ്ധിച്ചുവരുന്നു എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കടബാധ്യത മൂലം പാലക്കാട് പുതുശ്ശേരിയിൽ കർഷകൻ ആത്മഹത്യ ചെയ്ത സംഭവം ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ കർഷക ആത്മഹത്യ തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ,

(എ) കാർഷിക പ്രശ്നങ്ങളാൽ കർഷകർ ആത്മഹത്യ ചെയ്യുന്ന സാഹചര്യം കേരളത്തിൽ നിലവിലില്ല. കർഷക പ്രശ്നങ്ങളിൽ സമയബന്ധിതമായി ഇടപെട്ട് പരിഹാരം ഉണ്ടാക്കുന്ന സമീപനമാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്.

(ബി) പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്കിൽ പുതുശ്ശേരി കൃഷിഭവൻ പരിധിയിലെ ശ്രീ.രാധാകൃഷ്ണൻ വി. (56 വയസ്സ്) എന്ന കർഷകൻ 07/06/2024 തീയതി കീടനാശിനി കഴിച്ച് ഗുരുതരാവസ്ഥയിൽ പാലക്കാട് ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും 18/06/2024-ന് മരണപ്പെടുകയും ചെയ്തിട്ടുണ്ട്. ടിയാന് വേനോലി പാടശേഖരത്തിൽ 2 ഹെക്ടർ നെൽകൃഷി ഉണ്ട്. 2023-24 വരെ നെൽകൃഷിക്കുള്ള എല്ലാ ആനുകൂല്യങ്ങളും ടിയാൻ കൈപ്പറ്റിയിട്ടുണ്ട്. കൂടാതെ രണ്ടാം വിള സമയത്ത് 10590 കി.ഗ്രാം നെല്ല് ടിയാനിൽനിന്നും സപ്ലൈകോ സംഭരിക്കുകയും അതിന്റെ വിലയായ 2,99,908/- രൂപ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.

(സി) കേരളത്തിലെ കർഷകരുടെ വരുമാനത്തിൽ 50% എങ്കിലും വർദ്ധനവ് ഉണ്ടാക്കണമെന്ന ലക്ഷ്യത്തോടെയാണ് സർക്കാർ പ്രവർത്തിക്കുന്നത്. സംസ്ഥാന കേന്ദ്ര പദ്ധതി വിഹിതം ഇക്കാര്യത്തിൽ

ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നുണ്ട്. ഉല്പാദനം, വിപണനം എന്നിവയിൽ ശാസ്ത്രീയമായ ഇടപെടലുകൾ നടത്തുന്നതിനോടൊപ്പം കർഷക ക്ഷേമ പ്രവർത്തനങ്ങൾക്കും സർക്കാർ മുൻഗണന നൽകുന്നുണ്ട്. നെല്ലിന്റെ ഉല്പാദനം വർദ്ധിപ്പിക്കുക, നെൽ കർഷകർക്ക് പിന്തുണ നൽകുക എന്ന ഉദ്ദേശത്തോടെ 57 കോടി രൂപയാണ് കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുള്ളത്. 82480.88 ഹെക്ടർ പാടശേഖരങ്ങൾക്ക് ഉല്പാദനോപാധികൾക്കുള്ള ധനസഹായവും അത്യുത്പാദന ശേഷിയുള്ള 4748 ടൺ നെൽ വിത്തും കർഷകർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഈ സർക്കാരിന്റെ കാലയളവിൽ 27.99 ലക്ഷം ടൺ നെല്ല് കർഷകരിൽ നിന്ന് സംഭരിക്കുകയും 7273.95 കോടി രൂപ വിലയായി നൽകുകയും ചെയ്തിട്ടുണ്ട്.

നാളികേര കർഷകർക്ക് പിന്തുണ നൽകുന്നതിനായി 2023-24 വർഷം 50 കേര ഗ്രാമങ്ങൾ നടപ്പിലാക്കുകയും വിവിധ ഘടക പദ്ധതികൾക്കായി 39.74 കോടി രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി, ഓപ്പൺ പ്രിസിഷൻ ഫാമിംഗ്, മഴമറക്കൃഷി തുടങ്ങിയവയിലൂടെ പച്ചക്കറി കൃഷി

പ്രോത്സാഹിപ്പിക്കുന്നതിന് 59.96 കോടി രൂപയാണ് 2023-24 വർഷം ചെലവഴിച്ചത്. കർഷക വരുമാനം ഉറപ്പാക്കാനായി വിളയധിഷ്ഠിത കൃഷി രീതിയിൽ നിന്നും വിളയിടാധിഷ്ഠിത കൃഷി രീതിയിലേക്ക് 14-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ കൃഷി വകുപ്പ് മാറിയിട്ടുണ്ട്. ഫാം പ്ലാനുകൾ രൂപീകരിച്ച് കൃഷിയിടത്തിലെ പോരായ്മകൾ പരിഹരിക്കാൻ ആവശ്യമായ ഇടപെടലുകൾ നടത്തി കർഷക വരുമാനം ഉയർത്തുന്ന രീതിയാണ് അവലംബിക്കുന്നത്.

വിവിധ വിളകളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും കാർഷിക ആവാസ വ്യവസ്ഥയ്ക്ക് അനുപൂരകമായ കൃഷി രീതി അവലംബിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ആവാസ വ്യവസ്ഥക്കനുസൃതമായ വിളകൾ നിശ്ചയിച്ച് നൽകിയും ഈ വിളകൾ കേന്ദ്രീകരിച്ചുള്ള സാമ്പത്തിക സഹായം എത്തിച്ചുമാണ് പദ്ധതി നടപ്പാക്കുന്നത്.

വന്യമൃഗാക്രമണങ്ങളിൽ നിന്നും വിളകളെ സംരക്ഷിക്കുന്നതിന് 25 കോടി രൂപയുടെ RKVY പദ്ധതി, 1.88 കോടി രൂപയുടെ സംസ്ഥാന പദ്ധതി എന്നിവയും നടപ്പിലാക്കിവരുന്നു. വനം വകുപ്പിന്റെ എതിർപ്പില്ലാത്ത അസംരക്ഷിത വന പ്രദേശത്തും മറ്റ് ഭൂരേഖകൾ ലഭ്യമല്ലാതെ കൃഷി ചെയ്യുന്ന

കർഷകർക്കും കൃഷി വകുപ്പിന്റെ ആനുകൂല്യം ലഭ്യമാകത്തക്ക വിധം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും പരിഹരിക്കുന്നതിനുമായി കൃഷി ദർശൻ പരിപാടി സംഘടിപ്പിച്ചുവരുന്നു.

കർഷക വരുമാനം കൂട്ടായ്മകൾ സൃഷ്ടിച്ച് ഉയർത്തുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച കൃഷിക്കൂട്ടങ്ങൾ മുഖേന ഉല്പാദനം, സംസ്കരണം, മൂല്യവർദ്ധിത മേഖലകളിൽ ഇടപെടലുകൾ നടത്തി വരുന്നു. കൃഷിക്കൂട്ടങ്ങൾ ചേർന്ന് രൂപീകരിച്ച കർഷക ഉല്പാദക സംഘടനകൾ കർഷക വരുമാനം ഉയർത്തുവാനായി നിരവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ട്. ഇവർക്കാവശ്യമായ പിന്തുണ സർക്കാർ നൽകി വരുന്നുണ്ട്.

പ്രകൃതിക്ഷോഭങ്ങൾ, കീടരോഗങ്ങൾ, വന്യജീവി ആക്രമണം എന്നിങ്ങനെ അവിചാരിതമായ കാരണങ്ങൾ ഉണ്ടാകുന്ന കൃഷി നാശം നേരിടുന്നതിന് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥ അധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പിലാക്കുന്നു. സ്വന്തമായി ഭൂമി ഇല്ലാത്ത

കർഷകർക്കും പട്ടയ ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകർക്കും ദീർഘകാല ഹ്രസ്വകാല വിളകൾക്ക് സംസ്ഥാന വിള ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ട്. ഇത്തരം കർഷകർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസവും നൽകുവാനുള്ള നടപടികളും സർക്കാർ പൂർത്തീകരിച്ചു വരുന്നു.

കൃഷി വകുപ്പ് നടപ്പിലാക്കുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 59375 കർഷകർക്ക് പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരം 1378.906334 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകർക്ക് പദ്ധതി പ്രകാരം 131888 കർഷകർക്ക് 26171.18056 ലക്ഷം രൂപ നടത്തിപ്പ് ഏജൻസിയായ അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി മുഖേന നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാർ ഇൻഷ്വറൻസ് പ്രീമിയം സബ്സിഡിയായ 14492.33854 ലക്ഷം രൂപ ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രകൃതിദുരന്തങ്ങൾ നേരിടുന്നതിനുള്ള അടിയന്തിര പരിപാടി പദ്ധതി പ്രകാരം കൃഷിനാശം സംഭവിച്ച 105784 കർഷകർക്ക് സംസ്ഥാന വിഹിതം 7963.088 ലക്ഷം രൂപയും, സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള വിഹിതം 129320 കർഷകർക്ക് 2949.67267 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

ഉത്പാദനത്തിനിടെ വിലയിടിവ് തടയുന്നതിനും കർഷകർക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി സുദൃഢമായ വിപണന സംവിധാനങ്ങൾ നിലവിൽ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. വിലയിടിവ് തടയുന്നതിനായി കാർഷികോല്പന്നങ്ങൾക്ക് അടിസ്ഥാന വില പദ്ധതി നടപ്പിലാക്കി വരുന്നു. നെല്ലിന് ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തേക്കാളും ഉയർന്ന സംഭരണ വില (28.20 രൂപ) നൽകിവരുന്നു. പച്ചത്തേങ്ങയ്ക്ക് കിലോയ്ക്ക് 34 രൂപ നൽകി സംഭരിക്കുന്നു. കേന്ദ്ര സർക്കാരിന്റെ ഇറക്കുമതി നയങ്ങൾ മൂലം വിലയിടിവ് നേരിടുന്ന റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനായി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 2 ഹെക്ടർ വരെ വിസ്തൃതിയുള്ള റബ്ബർ കർഷകരിൽ നിന്നും കിലോഗ്രാമിന് 180 രൂപ

ക്രമത്തിലാണ് റബ്ബർ ശേഖരിക്കുന്നത്. നാളിതുവരെ 2054 കോടി രൂപ ഈ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

വില നിലവാരം സ്ഥിരപ്പെടുത്തുന്നതിനുള്ള വിപണി ഇടപെടൽ പിന്തുണയ്ക്കുന്നതിനും 16 ഇനം പച്ചക്കറികൾക്കും പഴങ്ങൾക്കും നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വില കർഷകർക്ക് നൽകുന്നതിനുള്ള പിന്തുണയും ചെയ്തുവരുന്നു. കർഷകർക്കായി 'കേരളഗ്രോ' എന്ന പൊതു ബ്രാൻഡ് സ്ഥാപിക്കുകയും ഗുണമേന്മ ഉയർത്തി അധിക വരുമാനം ലഭിക്കത്തക്ക വിധം ശാക്തീകരിക്കുന്ന പ്രവർത്തനങ്ങൾ ഇപ്പോൾ പുരോഗമിക്കുന്നു. കാർഷികോല്പന്ന സംസ്കരണത്തിനും വിപണനത്തിനും കയറ്റുമതിക്കും ലക്ഷ്യം വച്ച് കേരള അഗ്രോ ബിസിനസ്സ് കമ്പനി രൂപീകരിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു വരികയും ചെയ്യുന്നുണ്ട്.

കാർഷിക മേഖലയിലെ സംരംഭകത്തിലും മൂല്യവർദ്ധനയിലും നൂതന സാങ്കേതിക വിദ്യകൾ പ്രോത്സാഹിപ്പിക്കുന്നതിന് വിളവെടുപ്പിനു ശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. കാർഷിക ഉത്പാദനം, സംസ്കരണം, വിതരണം എന്നീ മേഖലകളിൽ കർഷക ഉത്പാദന

സംഘടനകളെ പ്രോത്സാഹിപ്പിക്കുന്നു. അവയുടെ രൂപീകരണത്തിനും വികസനത്തിനുമായി കേന്ദ്ര സംസ്ഥാന സഹായ പദ്ധതികൾ സംയോജിപ്പിച്ച് നടപ്പിലാക്കി വരുന്നു.

കാലാവസ്ഥ വ്യതിയാനം അതിജീവിച്ച കർഷകർക്ക് കൃഷിയിൽ നിന്നും കൂടുതൽ വരുമാനം ലഭ്യമാക്കുന്നതിന് ലക്ഷ്യം വച്ച് 'കേര' എന്ന പേരിൽ ഒരു സമഗ്ര പദ്ധതി 2024-25 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കാർഷികോത്പാദനം മെച്ചപ്പെടുത്തുന്നതിനോടൊപ്പം കർഷക സുരക്ഷയും ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി കർഷകർക്ക് പെൻഷൻ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പദ്ധതിക്ക് ആവശ്യമായ തുക പൂർണ്ണമായും സംസ്ഥാന സർക്കാരാണ് നല്കുന്നത്. കാർഷിക വികസനവും കാർഷിക ക്ഷേമവും വേർതിതിരിക്കാനാവാത്തവണ്ണം ബന്ധപ്പെട്ടിരിക്കുന്നതിനാൽ കർഷക ക്ഷേമ നിധി ബോർഡ് രൂപീകരിച്ചിട്ടുണ്ട്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, കാർഷികമേഖലയുടെ പ്രതിസന്ധി പലവട്ടം ചർച്ച ചെയ്തിട്ടുള്ളതാണ്. കോവിഡ് പ്രതിസന്ധി, 2018-19-ലെ വെള്ളപ്പൊക്കം,

കാലാവസ്ഥാവ്യതിയാനം, വിലത്തകർച്ച, വിളത്തകർച്ച എന്നിവയെല്ലാം കൃഷിയെ ബാധിക്കുന്ന വിഷയങ്ങൾതന്നെയാണ്. കാർഷികമേഖലയിൽ കോവിഡിന്റെയെല്ലാം ആത്യന്തിക പ്രതിഫലനമുണ്ടായിട്ടുള്ളത് ഇപ്പോഴാണ്. കാര്യമായ ആശ്വാസപദ്ധതികളൊന്നും ഉണ്ടായിട്ടില്ല. ഇപ്പോൾ കൃഷിക്കാർ കടബാദ്ധ്യതയിൽത്തന്നെയാണ്. അതുകൊണ്ട് സമഗ്ര കാർഷിക കടാശ്വാസ പദ്ധതി നടപ്പിലാക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പി. പ്രസാദ്: സർ, കേരളത്തിലെ കാർഷികമേഖലയിൽ ഈ പറയുന്ന പ്രശ്നങ്ങളെല്ലാം സൃഷ്ടിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുകയെന്നുള്ള ലക്ഷ്യംവച്ച് അതിനെ പ്രധാനമായി കണ്ടുകൊണ്ടാണ് ഇപ്പോൾ സർക്കാർ പദ്ധതികളെല്ലാം ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. കർഷകന് കൃഷിയിൽനിന്ന് കൂടുതൽ വരുമാനം ലഭ്യമാക്കാനുതകുന്ന തരത്തിലുള്ള പദ്ധതികളാണവ. അതിനുള്ള എല്ലാസംവിധാനങ്ങളും സഹായങ്ങളും ഒരുക്കുക എന്നുള്ളതാണ് ലക്ഷ്യം വച്ചിരിക്കുന്നത്. പ്രൈമറി അഗ്രിക്കൾച്ചറിനോടൊപ്പംതന്നെ സെക്കൻഡറി അഗ്രിക്കൾച്ചറിനുംകൂടി വലി പ്രാധാന്യം നൽകിക്കൊണ്ട് ആ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. അത് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

അതാണ് കൃഷിക്കൂട്ടങ്ങളിലൂടെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലൂടെയും അതിന് പൊതു ബ്രാന്റിംഗ് നൽകിയതിലൂടെ ഒരു പുതിയ കമ്പനി, കേരള അഗ്രോ ബിസിനസ് കമ്പനികളൊക്കെ ഇന്ന് കേരളത്തിൽ യാഥാർത്ഥ്യമാക്കിക്കൊണ്ടിരിക്കുന്നത്. സാധ്യമായ എല്ലാ സഹായങ്ങളും സർക്കാരിന്റെ ഭാഗത്തുനിന്നും കർഷകർക്കുണ്ടാകുകതന്നെ ചെയ്യും.

ശ്രീ. സണ്ണി ജോസഫ്: സർ, ഒന്നാമത്തെ കാര്യം, കാർഷിക കടാശ്വാസ കമ്മീഷന്റെ പരിമിതി സഹകരണമേഖലയിലെ കടബാദ്ധ്യതകൾക്കുമാത്രമെ അത് ബാധകമാകു എന്നതാണ്. രണ്ടാമത്തെ കാര്യം, അതിന് പുതിയ അപേക്ഷകൾ സ്വീകരിക്കാൻ വ്യവസ്ഥയില്ല. അതിന് പാസ്സാക്കിയിട്ടുള്ള ഉത്തരവുകളനുസരിച്ച് നൽകേണ്ട പണം സർക്കാർ സഹകരണ ബാങ്കുകൾക്ക് കൊടുക്കുന്നില്ല. അതുകൊണ്ട് സഹകരണ ബാങ്കുകൾ ഉത്തരവ് നടപ്പാക്കാൻ മടിക്കുകയാണ്. കൃഷിക്കാർക്ക് അവരുടെ രേഖകൾ തിരികെ ലഭിക്കുന്നില്ല. കാർഷിക കടാശ്വാസ കമ്മീഷന്റെ പ്രവർത്തന പരിധി വ്യാപിപ്പിക്കാനും അതിന് സമയം നീട്ടിക്കൊടുക്കാനും അതിന്റെ ഉത്തരവനുസരിച്ച് നൽകാനുള്ള

കടബാദ്ധ്യകൾ സർക്കാർ എത്രയും പെട്ടെന്ന് സഹകരണ സംഘങ്ങൾക്ക് കൊടുക്കാനും നടപടി സ്വീകരിക്കണം?

ശ്രീ. പി. പ്രസാദ്: സർ, നിലവിൽ കടാശ്വാസ കമ്മീഷൻ പരമാവധി രണ്ടുലക്ഷം രൂപവരെയാണ് കടാശ്വാസം അനുവദിക്കുന്നത്. വയനാട്, ഇടുക്കി ജില്ലകളിൽ 31-08-2020 വരെയും മറ്റ് ജില്ലകളിൽ 31-03-2016 വരെയും എടുത്തിട്ടുള്ള വായ്പകൾക്കാണ് ആനുകൂല്യം നൽകുന്നത്. 2021 മുതൽ 161916 അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ട്. 74.57 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പത്തുകോടി രൂപ ഈ ആഴ്ചയിൽത്തന്നെ അനുവദിക്കും. അതോടൊപ്പം സഹകരണ വകുപ്പ് നവകേരളം, കുടിശ്ശികനിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രത്യേക കാലയളവിൽ നടത്തുന്നുണ്ട്. വായ്പകൾക്ക് തവണ അനുവദിക്കുക, മൊറട്ടോറിയം പ്രഖ്യാപിക്കുക, ഉൾപ്പെടെയുള്ള വിഷയങ്ങളെല്ലാംകൂടി ചേർത്തുകൊണ്ടാണ് റവന്യൂ റിക്കവറി ഭേദഗതി ബിൽ നിയമസഭയിൽ ഇതിനോടകം അവതരിപ്പിച്ചിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് അടുത്ത ദിവസം സഭയിൽ അവതരിപ്പിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് പത്തുകോടി രൂപ ഈയാഴ്ച

അനുവദിക്കുമെന്ന് സൂചിപ്പിച്ചു. പ്രതിസന്ധികൾക്കിടയിലും ബാങ്കുകൾക്കുള്ള കുടിശ്ശികകളെല്ലാം കൊടുത്തുതീർത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. സജീവ് ജോസഫ്: സർ, കർഷക ആത്മഹത്യയെക്കുറിച്ച് നാമെല്ലാവരും വളരെയേറെ സംസാരിക്കാറുണ്ടെങ്കിലും അത് പരിഹരിക്കാൻ ശാശ്വതമായ നടപടികളിലേക്ക് കടക്കുന്നില്ല. എന്റെ മണ്ഡലത്തിൽ ഏതാനും ദിവസങ്ങൾക്ക് മുമ്പ് ജോസഫ്, ജോസ് എന്നീ രണ്ട് കർഷകർ ആത്മഹത്യ ചെയ്തു. ഇങ്ങനെ അനാഥമാകുന്ന കുടുംബങ്ങളെ സംരക്ഷിക്കാനും അവരെ ദത്തെടുക്കാനുമുള്ള സംവിധാനം നമുക്ക് അനിവാര്യമാണ്. എന്റെ ചോദ്യം ജപ്തി നടപടികൾ നേരിടുന്നവർക്ക് അവരുടെ പലിശ പൂർണ്ണമായും ഒഴിവാക്കി ഗഡുക്കളായി അടയ്ക്കാനുള്ളൊരു സംവിധാനമൊരുക്കാനും അതുപോലത്തന്നെ വിള നഷ്ടത്തിന് അടിയന്തരമായിട്ടുള്ള നഷ്ടപരിഹാരം അതത് സമയത്തുതന്നെ ലഭ്യമാക്കാനുമുള്ള നടപടി ഒരു പ്രത്യേക പാക്കേജ് എന്ന നിലയിൽ സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, ആരും ആത്മഹത്യ ചെയ്യുന്നത് നല്ല കാര്യമല്ല. പ്രത്യേകിച്ച് നമ്മുടെ നാട്ടിൽ കൃഷിക്കാരൻ/കർഷകൻ ആത്മഹത്യ ചെയ്യുമെന്ന്

പറയുന്നത് അങ്ങേയറ്റം വേദനാജനകമായ കാര്യമാണ്. കേരളത്തിൽ അതിന്റെയൊരു കാലഘട്ടമൊന്നും ഞാൻ പറയുന്നില്ല. അത് രാഷ്ട്രീയ തലത്തിലേക്ക് പോകും. എങ്കിലും 'Report of Survey on farmer suicide in Kerala' എന്നൊരു പഠന റിപ്പോർട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം അതൊന്ന് വായിച്ചു നോക്കുമ്പോൾ ഏതൊക്കെ കാലഘട്ടമെന്നുള്ളതെല്ലാം മനസ്സിലാകും. ഞാൻ മറ്റ് വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. നമുക്ക് വളരെ ഗൗരവകരമായൊരു ഇടപെടൽ ഇക്കാര്യങ്ങളിൽ അത്യന്താപേക്ഷിതമാണ്. അങ്ങ് പറഞ്ഞതുപോലെ ഞാൻ നേരത്തെ സൂചിപ്പിച്ചു. നാഷണലൈസ്ഡ് ബാങ്കുകളാണ് ഏറ്റവും കൂടുതലുള്ളത്. ബാങ്കുകളുടെ പലിശ ഇളവ് ചെയ്യുക എന്നുള്ളത് നമ്മളിവിടെ തീരുമാനമെടുക്കുന്നതുകൊണ്ട് മാത്രം അവർ ഇളവ് ചെയ്യുന്നത് പ്രയാസമുള്ള കാര്യമാണ്. മൊറട്ടോറിയം പ്രഖ്യാപിക്കുമ്പോഴും ആ കാലഘട്ടത്തിലെ പലിശ വീണ്ടും കൊടുക്കേണ്ടിവരികയാണ്. അതൊരു ബുദ്ധിമുട്ടാണ്. നേരത്തെ പറഞ്ഞ റവന്യൂ റിക്കവറി (ഭേദഗതി) ബിൽ സഭയിൽ അവതരിപ്പിച്ച് സബ്ജക്ട് കമ്മിറ്റിക്ക് കൊടുത്തതിൽ ചില ഇടപെടലുകൾ നടത്തുന്നതിനുകൂടിയാണ് വന്നിരിക്കുന്നത്. ഉഷ്ണതരംഗമെല്ലാം ഉണ്ടായതിന്റെ

അടിസ്ഥാനത്തിൽ കൃഷി വകുപ്പ് സ്റ്റേറ്റ് ലെവൽ ബാങ്കിംഗ് കമ്മിറ്റിയോട് ചില ഇളവുകൾ വേണമെന്ന് ആവശ്യപ്പെട്ടു. ഇടുക്കി ജില്ലയിലെ ഏലം കർഷകരുടെ കാര്യത്തിനകത്ത് ഇപ്പോഴുണ്ടായിരിക്കുന്നൊരു പ്രതിസന്ധിയുണ്ട്. ഉഷ്ണതരംഗത്തിന്റെ ഭാഗമായി ഏലം മുഴുവൻ കരിഞ്ഞുണങ്ങിപ്പോകുന്ന തരത്തിലേക്കെത്തി. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്രത്യേകമായ യോഗം ചേർന്നിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ വീണ്ടും എസ്.എൽ.ബി.സി.-യോടും മറ്റ് ബാങ്കുകളോട് സാദ്ധ്യമായ സഹായങ്ങൾ ഉണ്ടാകണമെന്ന് ആവശ്യപ്പെടാനും തീരുമാനിച്ചിട്ടുണ്ട്. കേരളത്തിൽ നിന്നുകൊണ്ട് സഹകരണ ബാങ്കുകളും മറ്റുമാണ് നമ്മൾ ആവശ്യപ്പെടുന്നത്. അതിന് സഹായങ്ങൾ ലഭ്യമാകുന്നുണ്ട്. കൂടുതൽ സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഇടപെടൽ സംസ്ഥാന സർക്കാർ എന്നുള്ള തലത്തിൽ നടത്തുന്നതായിരിക്കും.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: സർ, കാർഷിക വിളകളുടെ വിലക്കുറവ് മൂലം കർഷകർ വലിയ പ്രതിസന്ധിയിലാണ്. കർഷകർക്ക് വിളനാശംമൂലം കോടികളുടെ നഷ്ടമാണ് വന്നിട്ടുള്ളത്. ഈ നഷ്ടപരിഹാരം അടിയന്തരമായി

കൊടുത്ത് തീർക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; കാർഷിക കടങ്ങൾ എഴുതി തള്ളാനുള്ള നടപടികളെടുക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, വിളനാശമുണ്ടാകുന്ന കർഷകർക്കുള്ള നഷ്ടപരിഹാരം വളരെ വേഗത്തിൽത്തന്നെ കൊടുക്കുന്നുണ്ട്. കാലാവസ്ഥ വ്യതിയാനം, ആഗോളതാപനം അതെല്ലാം യാഥാർത്ഥ്യമാണ്. ഇപ്പോൾ ആഗോള താപനമെന്നല്ല ഗ്ലോബൽ വാമിംഗ് എന്നുള്ളത് മാറി ഗ്ലോബൽ ബോയിലിംഗ് എന്നതിലേക്കെത്തിയിരിക്കുകയാണ്. ഏറ്റവും വലിയ പ്രതിസന്ധിയുണ്ടാകുന്നത് കാർഷിക മേഖലയിൽ തന്നെയാണ്. കാലാവസ്ഥയെ ആശ്രയിച്ചാണ് കൃഷി നടക്കുന്നത് എന്നുള്ളതുകൊണ്ടുതന്നെ കാലാവസ്ഥയിലുണ്ടാകുന്ന ചെറിയ മാറ്റംപോലും കൃഷിയെ ആണ് ബാധിക്കുന്നത്. കൃഷിയെ ബാധിക്കുമ്പോൾ കർഷകനെ ബാധിക്കുകയല്ല ചെയ്യുന്നത്. ശരിക്കും മുഴുവൻ ജനങ്ങളെയും ബാധിക്കുന്നു, ഭക്ഷണത്തിന്റെ വിഷയത്തിലേക്കെത്തുന്നു. വിലക്കയറ്റമുൾപ്പെടെയുള്ള പ്രശ്നം അവിടെ ചർച്ച ചെയ്യുകയാണ്. ശാശ്വതമായ പരിഹാരമാർഗ്ഗം സാധ്യമായിടത്തോളം ഉൽപ്പാദിപ്പിക്കുക എന്നുള്ളതാണ്. അതോടൊപ്പംതന്നെ ഈ മേഖലയിൽ

നിൽക്കുന്ന ഇതുകൊണ്ട് ഉപജീവനം നടത്തുന്ന കർഷകർക്ക് സഹായകമാകുന്ന തരത്തിലേക്ക് ഇൻഷ്വറൻസ് പരിഷ്കരിച്ചിട്ടുണ്ട്. 14 ജില്ലകളിലേക്കും കാലാവസ്ഥ അധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതി വന്നിട്ടുണ്ട്. 27 വിളകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന്റെ പ്രീമിയം കർഷകർ അടയ്ക്കുന്നതോടൊപ്പംതന്നെ കേന്ദ്രവും സംസ്ഥാനവും തുല്യഗഡുവാണ് അടയ്ക്കുന്നത്. വളരെ വേഗത്തിൽ തന്നെ വിളനാശം സംഭവിക്കുന്ന കർഷകർക്കുള്ള നഷ്ടപരിഹാരം കൊടുക്കുന്നതിനാണ് സർക്കാർ പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. പൂർണ്ണമായും എഴുതിത്തള്ളുക എന്നത് സർക്കാരിന് ഇപ്പോൾ ആലോചിക്കാൻ കഴിയുന്നതല്ല. നേരത്തെ പറഞ്ഞതുപോലെ നാഷ്ണലൈസ്ഡ് ബാങ്കുകളിൽ നിന്നാണ് കർഷകർ ഏറ്റവും കൂടുതൽ വായ്പ എടുത്തിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് കർഷകരെ സഹായിക്കാനുള്ള എല്ലാ കാര്യവും ചെയ്യുന്നതാണ്. സഹകരണവകുപ്പ് നടത്തുന്ന കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. കടാശ്വാസ കമ്മീഷന്റെ ഭാഗമായി ഇപ്പോൾ ലഭിച്ചിട്ടുള്ള അപേക്ഷകളുടെ കാര്യവും പറഞ്ഞു. കുടിശ്ശികയുണ്ടെങ്കിലും നമ്മൾ ആ ഇളവുകളെല്ലാം കർഷകർക്ക് കൊടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീമതി കെ. കെ. രമ: സർ, 2023-24 വർഷം സപ്ലൈകോ എടുത്ത നെല്ലിന്റെ തുക നൽകിയിട്ടില്ല. തൊട്ട് മുമ്പത്തെ നെല്ലിന്റെ തുക പാഡി റസീറ്റായിട്ടാണ് നൽകിയിരിക്കുന്നത്. സിബിൽ സ്കോറിനെ സാരമായി ബാധിച്ചതുകൊണ്ട് കർഷകർക്ക് ലോണുകളെടുക്കാൻ സാധിക്കുന്നില്ല. സപ്ലൈകോയിൽ നെല്ല് നൽകിയവരുടെ താലൂക്ക് അടിസ്ഥാനത്തിലുള്ള കണക്കെടുത്താൽ കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിലാണ് ഏറ്റവും കൂടുതൽ നെല്ല് സംഭരിച്ചിട്ടുള്ളത്. അത് മറ്റ് താലൂക്കുകളെക്കാൾ നാലിരട്ടിയോളം വരും. ഇതിൽ 50 ശതമാനത്തിലധികവും തിരുവള്ളൂർ പഞ്ചായത്തിലെ വായാട്ട്പൊയിൽ പാടശേഖരത്തിൽ നിന്നാണ്. വടകര താലൂക്കിൽ 175-ഓളം കർഷകരാണ് സപ്ലൈകോക്ക് നെല്ല് നൽകി കടക്കെണിയിലായിരിക്കുന്നത്. ഇതിൽ കുറച്ചുപേർ പിൻമാറിയാൽ ആ പാടശേഖരമൊക്കെ തരിശായി മാറും. കർഷകരെ ആത്മഹത്യയിൽ നിന്ന് രക്ഷിക്കുന്നതിനാവശ്യമായി നെൽകർഷകർക്ക് തുക നൽകി സഹായിക്കുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, കൃഷിവകുപ്പിന്റേതല്ല ചോദ്യം സപ്ലൈകോയുമായി ബന്ധപ്പെട്ടതാണ്. എങ്കിലും കർഷകരെ ബാധിക്കുന്ന പ്രശ്നമായതുകൊണ്ട് ഞാൻ മറുപടി പറയാം. എനിക്ക് ഒരു കാര്യം കൂടി പറയാനുണ്ട്; നമ്മൾ എല്ലാത്തിനും ഒരു ഈണം കൂട്ടാൻ വേണ്ടി ആത്മഹത്യ, ആത്മഹത്യ എന്ന് ചേർത്ത് പറയുന്നത് നല്ലതല്ല. അത് ഏത് ഭാഗത്ത് നിന്നായാലും. അവതരിപ്പിക്കാൻ വേണ്ടി ഒരു ഈണമിരിക്കട്ടെ എന്നതിന്റെ പേരിൽ ആത്മഹത്യ ചെയ്യാൻ പോകുകയാണ് എന്ന് പറയുന്നത് ഒരു പ്രേരണ കൊടുക്കുന്നതുപോലെ ആയിത്തീരും. അത് ബഹുമാനപ്പെട്ട അംഗങ്ങളുടെ ഭാഗത്ത് നിന്നുമുണ്ടാകരുതെന്ന വിനീതമായ അപേക്ഷ എനിക്കുണ്ട്. സപ്ലൈകോ നെല്ല് സംഭരിച്ച വകയിൽ നമുക്ക് കുടിശ്ശികയുണ്ടായിരുന്നു. ആ കുടിശ്ശിക കൊടുത്ത് തീർക്കുന്നതിനുള്ള തീവ്രമായ ശ്രമത്തിലാണ് സപ്ലൈകോ. ആയിരത്തിലധികം കോടി രൂപയാണ് കേന്ദ്ര ഗവൺമെന്റിൽ നിന്ന് നമുക്ക് കിട്ടാനുള്ളത്. കഴിഞ്ഞ ദിവസം 366 കോടി രൂപ ലഭിക്കുന്ന തലത്തിലേക്ക് എത്തിയിട്ടുണ്ട്. അത് കൊടുത്തുകൊണ്ടിരിക്കുകയാണ്. നമ്മൾ സാദ്ധ്യമായ

എല്ലാ രീതികളും.... പി.ആർ.എസ്. എന്നുള്ളത് ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കണം. 2005-ൽ യു.ഡി.എഫ്.-ന്റെ കാലത്ത് .......

മി. സ്പീക്കർ: അത് ഫ്ലോറിൽ അടിയന്തര പ്രമേയം വന്നതാണ്.

ശ്രീ. പി. പ്രസാദ്: സർ, അതുകൊണ്ട് നമുക്ക് ഈ തരത്തിൽ കേന്ദ്രത്തിൽ നിന്നും ലഭ്യമാകാനുള്ളത് വളരെ വേഗത്തിൽ വങ്ങിച്ചെടുക്കാം. കൺസോർഷ്യം ബാങ്കുകളുമായി ചർച്ചകൾ നടത്തി വളരെ വേഗത്തിൽ ഈ തുക കൊടുത്ത് തീർക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും. അവരെയെല്ലാം അങ്ങ് കൂടി കണ്ട് പറഞ്ഞ് കൃഷിയിൽ ഉറപ്പിച്ച് നിർത്താനുള്ള എല്ലാ ഇടപെടലും നടത്തണമെന്ന് കൂടി അറിയിക്കുന്നു.

## കെ.എസ്.ആർ.ടി.സി.യിൽ പുതിയ ടിക്കറ്റ് മെഷീനുകൾ

(*425) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ഡോ. മാത്യു കുഴൽനാടൻ:

ശ്രീ. സി. ആർ. മഹേഷ്:

ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നിലവിലെ ടിക്കറ്റ് മെഷീനുകൾക്ക് പകരം പുതിയ മെഷീനുകൾ വാങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ;

(ബി) പുതിയ ടിക്കറ്റ് മെഷീനുകൾ വാങ്ങുന്നതിനായി കരാറിലേർപ്പെട്ട കമ്പനിയുമായുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ,

(എ) കെ.എസ്.ആർ.ടി.സി. ETM (ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ) മാത്രമായി വാങ്ങുവാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ NCMC/Closed Loop Card ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിലുള്ള ഡിജിറ്റൽ ടിക്കറ്റിംഗ് സൊല്യൂഷൻ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

നിലവിൽ ഉപയോഗിച്ച് വരുന്ന ETM മെഷീനുകൾ ഡിജിറ്റൽ ഇടപാടുകൾക്ക് അനുയോജ്യമല്ല. കൂടാതെ കേന്ദ്രീകൃത എ.എഫ്.സി.എസ്. (Automatic Fare Collection System) സംവിധാനമില്ല, ഓരോ ഡിപ്പോയിലും പ്രാദേശികമായി ലോക്കൽ സെർവറിൽ ഹോസ്റ്റ് ചെയ്തിരിക്കുകയാണ്. നിലവിൽ ക്ലോസ്ഡ് ലൂപ്പ് കാർഡുകൾ മാത്രമേ സ്വീകാര്യമാകൂ, ക്ലോസ്ഡ് ലൂപ്പ്

കാർഡുകളിൽ കൂടുതൽ യാത്രാപാസുകൾ കോൺഫിഗർ ചെയ്യാൻ സാധിക്കുകയില്ല.

NCMC (National Common Mobility Card) കാർഡുകൾ നിലവിലെ ETM മെഷീനുകളിൽ ഉപയോഗിക്കാൻ സാധ്യമല്ല. പ്രസ്തുത മെഷീനുകളിൽ ഓൺലൈൻ റിസർവേഷൻ സിസ്റ്റവുമായി ബന്ധിപ്പിക്കാൻ സാധിക്കാത്തതിനാൽ ലൈവ്ടിക്കറ്റിങ് പോലുള്ള നൂതന സംവിധാനങ്ങൾ നടപ്പിലാക്കാൻ സാധിക്കുകയില്ല.

കോവിഡിനു ശേഷം ഡിജിറ്റൽ ട്രാൻസാക്ഷൻ വർദ്ധിപ്പിച്ചതിനാൽ കെ.എസ്.ആർ.ടി.സി. ഒരു ഡിജിറ്റൽ ടിക്കറ്റിംഗ് സൊല്യൂഷൻ ഉപയോഗിക്കാൻ തീരുമാനിക്കുകയായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 28.02.2023-ൽ KSRTC-യുടെ കൺസൾട്ടന്റ് ആയ KRAIL എന്ന സ്ഥാപനത്തിന് ഒരു Solution Provider-നെ തെരഞ്ഞെടുക്കുന്നതിന് work order നല്കുകയും അവർ E-Tender ക്ഷണിക്കുകയും അതിൽ L1 ആയി വന്ന M/s. Chalo mobility Pvt Ltd. എന്ന സ്ഥാപനത്തിനെ തെരഞ്ഞെടുത്തതായി

KRAIL അറിയിക്കുകയും ചെയ്തു. ടി നടപടി KSRTC -യുടെ 26.09.2023-ൽ ചേർന്ന 418-ാമത് ഭരണ സമിതി യോഗം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നത് വഴി മെച്ചപ്പെട്ട ഉപഭോക്തൃ അനുഭവം ലഭ്യമാക്കാൻ സാധിക്കും. ബസുകളുടെ തത്സമയ ട്രാക്കിംഗ് സംവിധാനം, ലൈവ്പാസഞ്ചർ ഇൻഡിക്കേറ്റർ, മൊബൈൽ ടിക്കറ്റുകളും പാസുകളും, UPI പേയ്മെന്റ്, കാർഡ് പേയ്മെന്റ്, നെറ്റ് ബാങ്കിംഗ് പേയ്മെന്റ്, വാലറ്റ് പേയ്മെന്റ്, ചലോപേ തുടങ്ങിയ ഡിജിറ്റൽ പേയ്മെന്റ് മോഡുകൾ, NCMC കാർഡ്/closed loop card തുടങ്ങിയ സൗകര്യങ്ങൾ മൊബൈൽ ടിക്കറ്റിംഗ് സൊല്യൂഷനിൽ ലഭ്യമാണ്.

ഇതിലൂടെ പണമിടപാടുകൾ സുഗമമാക്കുന്നതിനും ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും സാധിക്കും ബസുകളുടെ തൽസമയ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ആപ്ലിക്കേഷൻ ഇതിന്റെ ഭാഗമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

ആയത് നടപ്പിലാക്കുമ്പോൾ മുകളിൽ സൂചിപ്പിച്ച പ്രകാരം യാത്രക്കാർക്ക് മുൻകൂറായി യാത്രകൾ പ്ലാൻ ചെയ്യുവാൻ സാധിക്കും.

(ബി) KSRTC ETM മെഷീനുകൾ മാത്രമായി വാങ്ങുവാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ NCMC/Closed Loop Card ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിലുള്ള ഡിജിറ്റൽ ടിക്കറ്റിംഗ് സൊല്യൂഷൻ ഏർപ്പെടുത്താൻ കമ്പനിയുമായി കരാറിൽ ഏർപ്പെടുന്ന നടപടികൾ പുരോഗമിച്ചു വരുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, കെ.എസ്.ആർ.ടി.സി.-യുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസത്തെ ചർച്ചയിൽ ഞാനൊരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അങ്ങ് അതിന് പരിഹാരം കാണുമെന്നാണ് പറഞ്ഞിരുന്നത്. എന്നാൽ ഞാൻ ഇപ്പോൾ ചോദിക്കാൻ ആഗ്രഹിക്കുന്നത് കെ.എസ്.ആർ.ടി.സി. ഇന്നത്തെ കാലഘട്ടത്തിന് അനുയോജ്യമായ പുതിയ ബസ്സുകൾ, പുതിയ ലക്ഷ്വറി ബസ്സുകൾ പുറത്തിറക്കി കേരളത്തിനകത്ത് ഒരു പ്രീമിയം ട്രാവൽ എന്ന കോൺസപ്റ്റ് കൊണ്ടുവരാൻ കഴിയുമോ? കാരണം ഇപ്പോൾ പലരും ഈവൻ ടൂറിസ്റ്റുകളായി വരുന്നവർപോലും ആ രാജ്യത്തെ ആ പ്രദേശത്തെ പബ്ലിക് ട്രാൻസ്പോർട്ട് എങ്ങനെയുണ്ടെന്ന് അറിയാനും അനുഭവിക്കാനും ആഗ്രഹിക്കുന്നവരാണ്. യൂറോപ്പിലോ വിദേശത്തോ പോയാൽ പബ്ലിക് ട്രാൻസ്പോർട്ട് മനസ്സിലാക്കാൻ വേണ്ടി തന്നെയാണുള്ളത്. കേരളത്തിന്

അങ്ങനെയൊരു കൾച്ചറിന് തുടക്കം കുറിക്കാൻ കഴിയുമോ; ഏറ്റവും പ്രീമിയം ട്രാവൽ എന്നുള്ളൊരു കോൺസപ്റ്റ് കെ.എസ്.ആർ.ടി.സി.-ക്ക് മുമ്പോട്ട് കൊണ്ടുവരാൻ കഴിയുമോ?

ശ്രീ. കെ. ബി. ഗണേശ് കുമാർ: സർ, തീർച്ചയായിട്ടും കെ.എസ്.ആർ.ടി.സി.-യുടെ ലക്ഷ്യം തന്നെ കോവിഡ്-19 കാലഘട്ടത്തിൽ സ്വന്തമായി കാർ വാങ്ങിപ്പോയവരെ തിരിച്ച് കെ.എസ്.ആർ.ടി.സി.-യിലേക്ക് കൊണ്ടുവരിക എന്നുള്ളതാണ്. പ്രീമിയം ട്രാവൽ ആവശ്യമാണ്. പ്രത്യേകിച്ച് വിദേശ ടൂറിസ്റ്റുകൾ ഏറ്റവും കൂടുതൽ വരുന്ന കേരളത്തിൽ, ചൂട് കൂടിവരുന്ന സാഹചര്യത്തിൽ കേരളത്തിലെ യാത്രക്കാർക്കും അത് ബുദ്ധിമുട്ടായതുകൊണ്ട് പുഷ്ബാക്ക് സീറ്റും എയർ കണ്ടീഷൻ സൗകര്യങ്ങളും വൈഫൈ വരെയുള്ള പുതിയ ബസ്സുകൾ കെ.എസ്.ആർ.ടി.സി. ആരംഭിക്കുകയാണ്. അതിനുവേണ്ടി പ്രീമിയം സൂപ്പർ ഫാസ്റ്റ് എന്ന പേരിൽ 40 ബസ്സുകൾ ഉടനെ വാങ്ങും. അതിൽ 10 ബസ്സുകൾ ഓണത്തിന് മുമ്പ് ഇറക്കണമെന്നാണ് ആഗ്രഹിക്കുന്നത്.

ശ്രീ. സി. ആർ. മഹേഷ്: സർ, ഗ്രാമീണ മേഖലകളിലെ യാത്രാക്ലേശം പരിഹരിക്കാൻ ചെറിയ ബസ്സുകൾ വാങ്ങാൻ ആലോചിക്കുന്നുണ്ടെന്ന്

അറിയാൻ കഴിഞ്ഞു. അങ്ങനെയാണെങ്കിൽ എത്രയെണ്ണമാണ് ആദ്യതവണ വാങ്ങുന്നത്. അതിന്റെ നടപടികൾ എവിടവരെയായി?

ശ്രീ. കെ. ബി. ഗണേശ് കുമാർ: സർ, ഗ്രാമീണ മേഖലകളിൽ ഇപ്പോൾ ഓടിക്കൊണ്ടിരിക്കുന്നത് പഴയ ബസ്സുകളും വളരെ മൈലേജ് കുറഞ്ഞ വാഹനങ്ങളുമാണ്. ഇപ്പോൾ നമ്മൾ ചെറിയ ബസ്സുകളുടെ ട്രയൽ റൺ നടത്തിയിരുന്നു. അതിൽ ഒരു ബസ്സിന് 7 കി.മീ.-ന് മുകളിൽ വരെ ഡീസൽ മൈലേജ് കിട്ടുകയാണ്. അതുകൊണ്ട് ഗ്രാമപ്രദേശങ്ങളിൽ പുതിയ ബസ്സുകൾ വരുന്നതിനുവേണ്ടി 300 ചെറിയ ബസ്സുകൾ ബജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി പ്രൊവൈഡ് ചെയ്തിട്ടുണ്ട്. 300 ചെറിയ ബസ്സുകൾ ഗ്രാമപേദേശങ്ങളിലേക്കായി വാങ്ങും. അതിനുള്ള ടെണ്ടർ വിളിച്ചു കഴിഞ്ഞു.

ശ്രീമതി ഉമ തോമസ്: സർ, കെ.എസ്.ആർ.ടി.സി.-യിലെ ടിക്കറ്റ് കാർഡ് ചാർജ് ചെയ്ത് വച്ചിരിക്കുന്നവരുടെ പലരുടേയും കാർഡുകൾ എല്ലാ ബസ്സുകളിലും ഇപ്പോൾ എടുക്കുന്നില്ല. അതിന് പോംവഴിയെന്ന് നിർദ്ദേശിക്കാമോ?

ശ്രീ. കെ. ബി. ഗണേശ് കുമാർ: സർ, ഇപ്പോൾ നിലവിലുള്ള ടിക്കറ്റ് മെഷീനുകളിൽ കാർഡ് റീഡ് ചെയ്യാനും കാർഡിനുള്ള തുക എടുക്കാനും കഴിയുന്ന സംവിധാനങ്ങളല്ല. ഈ ചോദ്യത്തിന്റെ പ്രധാന ഉത്തരത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. ഉത്തരത്തിൽ പറയുന്നതുപോലെ പുതിയൊരു സിസ്റ്റം വരാൻ പോകുകയാണ്. എല്ലാ ഡെബിറ്റ് കാർഡുകളും, മൊബൈൽ വഴി കാഷ്‌ലെസ് ഓപ്പറേഷനുകൾ ചെയ്യാൻ കഴിയുന്ന പേടിഎം/ഗൂഗിൾപേ പോലുള്ള എല്ലാ സംവിധാനങ്ങളും ഓപ്പറേറ്റ് ചെയ്യാൻ കഴിയുന്നൊരു ടിക്കറ്റിംഗ് സംവിധാനം നാല്-അഞ്ച് മാസത്തിനുള്ളിൽ നിലവിൽ വരും. അതിലൂടെ എല്ലാ ബസ്സുകളും വരുന്ന സമയം ഓരോ ആറ് സെക്കന്റിലും അപ്ഡേറ്റ് ചെയ്തുകൊണ്ടിരിക്കും. അതുപോലെ കെ.എസ്.ആർ.ടി.സി.-യിലെ മുഴുവൻ അക്കൗണ്ടുകളും 9 സെക്കൻഡിനുള്ളിൽ അപ്ഡേറ്റ് ചെയ്തുകൊണ്ടിരിക്കുന്ന പുതിയ സംവിധാനം കൊണ്ടുവരാൻ പോകുകയാണ്. അത് നാലഞ്ച് മാസത്തിനുള്ളിൽ നിലവിൽ വരും.

ശ്രീ. എം. വിൻസെന്റ്: സർ, ഇത്തരത്തിലുള്ളൊരു സംവിധാനം നിലനിൽക്കുമ്പോഴാണ് മൂന്ന് വർഷം മുമ്പ് ETM മെഷീനുകൾ വാങ്ങിയിട്ടുള്ളത്.

അതെല്ലാം കേടായിപ്പോയി. അതിന്റെ ഇടപാടുകളെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്താൻ തയ്യാറാകുമോ?

<u>ശ്രീ. കെ. ബി. ഗണേശ് കുമാർ</u>: സർ, ഇത്തരം ടിക്കറ്റ് മെഷീനുകൾ വാങ്ങുമ്പോൾ അതിന്റെ മെയിന്റനൻസ് ഒരു വിഷയമാണ്. ഇതുപോലുള്ള വിവാദങ്ങൾ ഉണ്ടാകാതിരിക്കാൻ വേണ്ടി അത്തരത്തിലുള്ള മെഷീനുകൾ ഇനി വാങ്ങുന്നില്ല. ടിക്കറ്റ് മെഷീന്റെ പേപ്പർ പോലും വാങ്ങുന്നത് നമുക്ക് നഷ്ടമാണ്. അതുപോലും വാങ്ങാത്തൊരു സംവിധാനത്തെക്കുറിച്ച് ചോദ്യത്തിന്റെ ഉത്തരത്തിൽ പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം പരിശോധിച്ചിട്ട് മറുപടി പറയാം. ഇവിടെവച്ച് ഒരു അന്വേഷണം പ്രഖ്യാപിക്കുന്നത് മര്യാദയല്ല. ഞാൻ അതിനെക്കുറിച്ച് തീർച്ചയായും അന്വേഷിക്കാം.

(ചോദ്യോത്തര വേള കഴിഞ്ഞു.)

<u>മി. സ്പീക്കർ</u>: ചോദ്യത്തരവേളയിൽ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഉപചോദ്യങ്ങൾക്ക് അവസരം ലഭിക്കാത്തതിൽ പലരും അസഹിഷ്ണുത പ്രകടിപ്പിക്കുകയാണ് ചെയ്യുന്നത്. ചോദ്യങ്ങൾ ചോദിക്കുന്നവരുടെ പേര്

അവരവരുടെ സ്ക്രീനിൽ തെളിയുമ്പോൾത്തന്നെ ഓരോ ആൾക്കും എത്രപ്രാവശ്യമാണ് അവസരം ലഭിച്ചതെന്ന് അറിയാൻ സാധിക്കുന്നുണ്ട്. അങ്ങനെ കൂടുതൽ അവസരം ലഭിക്കുന്നവരെയാണ് ചെയർ ഡിനൈ ചെയ്യുന്നത്. അത്തരത്തിൽ അസഹിഷ്ണുത പ്രകടിപ്പിക്കുന്നത് ശരിയല്ല. ബഹുമാനപ്പെട്ട മന്ത്രിമാരും അംഗങ്ങളും സഹകരിച്ചാൽ പരമാവധി മെമ്പർമാർക്ക് ചോദ്യം ചോദിക്കാനുള്ള അവസരം നൽകാൻ സാധിക്കുന്നതാണ്. ചെയർ അതിൽ നിസ്സഹായനാണ്.

----------------------